2023
APRIL
26
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

SINCE 1995
KUROL
An Ayurvedic Proprietary Medicine
A NATURAL & SAFE REMEDY FOR PILES

## വിള ഇൻഷുറൻസ് പദ്ധതി;കർഷകർക്ക് 26 കോടിയുടെ നഷ്ടപരിഹാരം കുടിശിക



**ആലപ്പുഴ:** അതിതീവ്ര മഴയിലും വെള്ളപ്പൊക്കത്തിലും ഉൾപ്പെടെ കൃ!ഷി നശിച്ചവർക്കു സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരവും പ്രകൃതിദുരന്തത്തിൽ കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരവും കൂടി കുടിശിക 70.59 കോടി രൂപയായി. കഴിഞ്ഞ സാമ്പത്തിക വർഷത്തെ മാത്രം കുടിശികയാണിത്.

പ്രകൃതി ദുരന്തത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്കു നൽകാനുള്ളത് 44.56 കോടി രൂപയാണ്. ഇതിൽ സംസ്ഥാന സർക്കാർ നൽകാനുള്ളത് 34.56 കോടിയും സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ നിന്നു നൽകാനുള്ളത് 10 കോടിയുമാണ്. ദുരന്ത നിവാരണ ഫണ്ടിലേക്ക് 6.8 കോടി രൂപ അനുവദിച്ചിട്ടുണ്ടെങ്കിലും ആർക്കും തുക കൈമാറിയിട്ടില്ല. കഴിഞ്ഞ മാസം അവസാനമാണു തുക അനുവദിച്ചത്. 6,045 കർഷകർക്കു മാത്രമാണു സംസ്ഥാന ഫണ്ടിൽ നിന്നു നഷ്ടപരിഹാരം നൽകിയത്.

വിള ഇൻഷുറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം ഇനത്തിൽ 25.93 കോടി രൂപയാണു വിതരണം ചെയ്യാനുള്ളത്. ഒരു ലക്ഷത്തോളം കർഷകർക്കുള്ള കുടിശികയാണിത്. ആകെ 20,803 കർഷകർക്കു മാത്രമാണു വിള ഇൻഷുറൻസ് വിതരണം ചെയ്തിട്ടുള്ളത്. മുൻ വർഷങ്ങളിലും കോടികളുടെ കുടിശിക വന്നിട്ടുണ്ട്. നഷ്ടപരിഹാരം യഥാസമയം ലഭ്യമാകാതെ പലരും കൃഷി ഉപേക്ഷിച്ചു. ആലപ്പുഴ, പാലക്കാട് ജില്ലകളിലാണു കൂടുതൽ കുടിശികയുള്ളത്.

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിക്കായി ബജറ്റിൽ 30 കോടി രൂപ നീക്കിവച്ചിരുന്നെങ്കിലും ഈ തുക ഉപയോഗിച്ചാണ് മുൻ വർഷങ്ങളിലെ കുടിശികത്തുക കർഷകർക്കു നൽകിയത്.



തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വന്ദേ ഭാരത് എക്സ്പ്രസ് ഫ്ളാഗ് ഓഫ് ചെയ്യുന്നു

## വന്ദേഭാരത് സർവ്വീസ് തുടങ്ങി ; പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്തു

**തിരുവനന്തപുരം:**കേരളത്തിന്റെ ദക്ഷിണ-ഉത്തര മേഖലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ആദ്യ വന്ദേഭാരത് എക്സ്പ്രസ്സ് സർവ്വീസ് ആരംഭിച്ചു. രാവിലെ 11.12 ന് തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലെ ഒന്നാം പ്ലാറ്റ്ഫോമിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി വന്ദേഭാരത് എക്സ്പ്രസ് ഫ് ളാഗ് ഓഫ് ചെയ്തു.

914 കാർ സീറ്റുകളും 86 എക്സിക്യൂട്ടീവ് ചെയർ കാർ സീറ്റുകളുള്ള വന്ദേഭാരത് എക്സ്പ്രസിന് ഏഴ് സ്ഥിരം സ്റ്റോപ്പുകൾ ആണുള്ളത്. എന്നാൽ പ്രഥമ യാത്രയുടെ ദിവസം മറ്റ് ഏഴ് സ്റ്റേഷനുകളിൽ കൂടി നിർത്തിയ ശേഷമാണ് കാസർകോട് എത്തിയത്. രാവിലെ 10.53 ന് സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ എത്തിയ പ്രധാനമന്ത്രി ഫ്ളാഗ് ഓഫിന് മുമ്പ് വന്ദേഭാരതിലെ സി-വൺ കമ്പാർട്ട്മെന്റിൽ ഉണ്ടായിരുന്ന 43 വിദ്യാർഥികളുമായി സംവദിച്ചു.

വന്ദേഭാരതിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച് ഒൻപത് സ്കൂളുകളിലെ 600 ഓളം വിദ്യാർഥികൾക്കിടയിൽ ചിത്രരചന, കവിതാരചന ഉപന്യാസരചന മത്സരങ്ങൾ നടത്തിയിരുന്നു. മത്സരങ്ങളിൽ ഒന്നാം സ്ഥാനത്തെത്തിയ വിദ്യാർഥികളുമായാണ് പ്രധാനമന്ത്രി ആശയവിനിമയം നടത്തിയത്. തങ്ങൾ വരച്ച വന്ദേഭാരതിന്റെ ചിത്രവും മറ്റും കുട്ടികൾ പ്രധാനമന്ത്രിയെ കാണിച്ചു.രണ്ടും മൂന്നും സ്ഥാനത്തെത്തിയ മറ്റ് 30 വിദ്യാർഥികൾ സി2, സി3 കമ്പാർട്ട്മെന്റുകളിൽ ഉണ്ടായിരുന്നു.

ഇവരുടെ കൂടെ മാതാപിതാക്കളും അധ്യാപകരും സന്നിഹിതരായിരുന്നു. ശേഷം ആദ്യ വന്ദേഭാരത് എക്സ്പ്രസിന്റെ കന്നിയോട്ടത്തിലെ ലോക്കോപൈലറ്റ് ആയ നാഗേഷ് കുമാർ ആർ, സഹ ലോക്കോപൈലറ്റ് എസ് ജയകുമാർ എന്നീ മലയാളികളുമായും പ്രധാനമന്ത്രി ആശയവിനിമയം നടത്തി.

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണോ, മന്ത്രി വി അബ്ദുറഹിമാൻ, ഗതാഗത മന്ത്രി ആന്റണി രാജു, ശശി തരൂർ എം.പി, എന്നിവർ സന്നിഹിതരായിരുന്നു.

## പാലിന് പുറമെ മിൽമ നെയ്ക്കും വില കൂട്ടി



**പാലക്കാട്:** മിൽമ നെയ്യിനു ലീറ്ററിനു 40 രൂപ വർധിപ്പിച്ചു. ലീറ്ററിന് 680 രൂപയായിരുന്ന വില ഇതോടെ 720 രൂപയായി. എറണാകുളം, തിരുവനന്തപുരം മേഖല യൂണിയനുകൾ ഏതാനും ദിവസം മുൻപു വർധന വരുത്തിയിരുന്നു. ഇന്നലെ മുതൽ മലബാർ മേഖല യൂണിയനും വർധിപ്പിച്ചതോടെ സംസ്ഥാനമാകെ വിലവർധന പ്രാബല്യത്തിലായി. കഴിഞ്ഞ നവംബറിൽ മിൽമ പാലിന്റെ വിലവർധനയ്ക്കൊപ്പം നെയ്യിനു ലീറ്ററിന് 40 രൂപ കൂട്ടിയിരുന്നു. മിൽമ വില വർധിപ്പിച്ചാൽ മറ്റു ബ്രാൻഡുകളും വില കൂട്ടും. ഹോട്ടൽ, ബേക്കറി മേഖലയെയും ഇതു ബാധിക്കും.പാൽക്ഷാമം തന്നെയാണു വിലവർധനയുടെ കാരണമായി മിൽമ പറയുന്നത്.

### സെൻസെക്സ് 60,000 പോയിന്റിൽ

**മുംബൈ:** ഐസിഐസിഐ ബാങ്ക്, റിലയൻസ് ഇൻഡസ്ട്രീസ് എന്നിവയുടെ നാലാം പാദ ഫലം നിക്ഷേപകരുടെ പ്രതീക്ഷയ്ക്ക് ഒത്ത് ഉയർന്നതോടെ ഓഹരി വിപണിയിൽ ഉണർവ്. ഫിനാൻഷ്യൽ ഓഹരികളിൽ കനത്ത വാങ്ങൽ പ്രവണത ദൃശ്യമായിരുന്നു.

## ജവാൻ ഉൽപാദനം ഇരട്ടിയാക്കും




**തിരുവല്ല:** പൊതുമേഖലയിലെ ഏക ഇന്ത്യൻ നിർമിത വിദേശമദ്യ നിർമാണ കമ്പനിയായ പുളിക്കീഴ് ട്രാവൻകൂർ ഷുഗേഴ്സ് ആൻഡ് കെമിക്കൽസിൽ ഉൽപാദനം ഇരട്ടിയാക്കുന്നു. 2 പുതിയ സെമി ഓട്ടമാറ്റിക് ബോട്ട്ലിങ് ബെൽറ്റുകൾ കൂടി സ്ഥാപിച്ചാണ് ഉൽപാദനം പ്രതിദിനം 8000 കെയ്സിൽനിന്ന് 15000 ആക്കുന്നത്. രണ്ടാഴ്ചയ്ക്കുള്ളിൽ പുതിയ ബെൽറ്റുകൾ പ്രവർത്തിച്ചു തുടങ്ങും.നിലവിൽ ജവാൻ ത്രീ എക്സ് റം ആണ് ഇവിടെ ഉൽപാദിപ്പിക്കുന്നത്. 3 മാസത്തിനുള്ളിൽ ജവാൻ പ്രീമിയം ത്രീ എക്സ് റം കൂടി ഉൽപാദിപ്പിക്കും.





വിശ്വ രക്ഷാ യാഗസമിതിയുടെ നേതൃത്വത്തിൽ എറണാകുളം പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ നടക്കുന്ന നവചണ്ഡികാ യാഗത്തിന് മുന്നോടിയായി സൂര്യകാലടി ബ്രഹ്മശ്രീ സുബ്രമഹ്ണ്യൻ ഭട്ടതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വാഞ്ഛ കൽപലത ഗണപതി ഹോമം.

# നവചണ്ഡികാ യാഗത്തിന് പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ തുടക്കം

**കൊച്ചി:** ലോക ക്ഷേമത്തിനും മനുഷ്യ നന്മയ്ക്കുമായി വിശ്വ രക്ഷാ യാഗസമിതിയുടെ നേതൃത്വത്തിൽ നടത്തുന്ന നവചണ്ഡികാ യാഗത്തിന് എറണാകുളം പാവക്കുളം മഹാദേവ ക്ഷേത്രത്തിൽ തുടക്കമായി. യാഗത്തിന് മുന്നോടിയായി ഇന്നലെ സൂര്യകാലടി ബ്രഹ്മശ്രീ സുബ്രമഹ്ണ്യൻ ഭട്ടതിരിപ്പാടിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്ന വാഞ്ഛ കൽപലത ഗണപതി ഹോമത്തിൽ നൂറുകണക്കിന് ഭക്തർ പങ്കെടുത്തു. സതീശൻ ഭട്ടതിരിപ്പാട്,ഏഴിക്കോട് കൃഷ്ണദാസ് നമ്പൂതിരി,മഹേഷ് അയ്യർ,കൊടുങ്ങല്ലൂർ മേൽശാന്തി ത്രിവിക്രമൻ അടികൾ തുടങ്ങിയവർ നേതൃത്വം നൽകി.

വസോർധാരയോടുകൂടിയായിരുന്നു സമാപനം. തുടർന്ന് ക്ഷേത്രം തന്ത്രി പുലിയന്നൂർ പ്രശാന്ത് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ മഹാമൃത്യുഞ്ജയ ഹോമം, സ്വാമി ഉദിത് ചൈതന്യയുടെ നേതൃത്വത്തിൽ മഹാസൽസംഗം,ഡോ.രാമാനന്ദിന്റെ പ്രഭാഷണം,തൃപ്പൂണിത്തുറ രാമചന്ദ്ര ഭാഗവതർ,കീർത്തന അനിൽ,പ്രണവ് പ്രദീപ് എന്നിവരുടെ നൃത്തവും,കീർത്തനവും നടന്നു. ഇന്ന് രാവിലെ എട്ടു മുതൽ പൊള്ളാച്ചി ശ്രീ ആദിശക്തി ഭുവനേശ്വരി പീഠത്തിലെ ശ്രീദത്താത്രേയ അവധൂത ഗുരുപരമ്പര ബ്രഹ്മശ്രീ ജിതേഷ് സുബ്രമഹ്ണ്യത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ നവചണ്ഡികായാഗം ആരംഭിക്കും.

11.30 ന് സ്വാമി അദ്ധ്യാത്മാനന്ദയുടെ നേതൃത്വത്തിൽ സൽസംഗവും വൈകുന്നേരം 4.30 മുതൽ പറശ്ശിനി മടപ്പുരയുടെ നേതൃത്വത്തിൽ മുത്തപ്പൻ വെള്ളാട്ടവും നടക്കും. 28ന് സാമ്രാജ്യ ലക്ഷ്മി ഹോമത്തോടെയാണ് പാവക്കുളത്ത് നവ ചണ്ടികായാഗം സമാപിക്കുന്നത്.

# തങ്കശ്ശേരി ബ്രേക്ക് വാട്ടർ ടൂറിസം പദ്ധതി; ഉദ്ഘാടനം നാളെ

**കൊല്ലം:** കൊല്ലത്തിന്റെ തീരദേശ ടൂറിസം വികസനത്തിന്റെ പ്രോത്സാഹനം ലക്ഷ്യമിട്ട് 5.55 കോടി രൂപ ചെലവിൽ ടൂറിസം വകുപ്പ് വികസിപ്പിച്ച തങ്കശ്ശേരി ബ്രേക്ക് വാട്ടർ ടൂറിസം പാർക്ക് പദ്ധതിയുടെ നിർമാണം പൂർത്തിയായി. ഉദ്ഘാടനം നാളെ (ഏപ്രിൽ 27) വൈകിട്ട് നാലിന് ടൂറിസം പൊതുമരാമത്ത് മന്ത്രി പി എ മുഹമ്മദ് റിയാസ് നിർവഹിക്കും. എം മുകേഷ് എംഎൽ എ അധ്യക്ഷനാകും.

തങ്കശ്ശേരിയുടെ സൗന്ദര്യവത്ക്കരണത്തിനാണ് പദ്ധതി പ്രധാനമായും മുൻതൂക്കം നൽകിയിരിക്കുന്നത്. 400 പേർക്ക് ഇരിക്കാവുന്ന ഓപ്പൺ എയർ ഓഡിറ്റോറിയം, പുലിമുട്ടിനോട് ചേർന്ന് കടലിന്റെ സൗന്ദര്യം ആസ്വദിക്കാനായി ഇരിപ്പിടങ്ങളും കുട്ടികൾക്കായി കളി സ്ഥലവും ഉയരത്തിൽ നിന്ന് കടൽക്കാഴ്ചകൾ ആസ്വദിക്കാൻ വ്യൂ ടവർ, സൈക്കിൾ സവാരിക്കുമുള്ള സൗകര്യം, റെസ്റ്റോറന്റ്, കോഫി ഷോപ്പുകൾ, കീയോസ്കുകൾ, റാമ്പ്, കൈവരി, സുരക്ഷാ വേലിയോടു കൂടിയ നടപ്പാതകൾ, ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ, ടോയ്ലറ്റ് ബ്ലോക്ക് എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

ബോട്ടിങിനും വാട്ടർ സ്പോർട്സിനും സംവിധാനം ഒരുക്കിയിട്ടുണ്ട്.

ലൈറ്റ് ഹൗസിലേക്കും ബ്രേക്ക് വാട്ടർ ടൂറിസത്തിലേക്കും എത്തുന്ന സഞ്ചാരികളുടെ വാഹനം പാർക്ക് ചെയ്യാനുള്ള സൗകര്യവുമുണ്ട്. സന്ദർശകർക്ക് കുടിവെള്ളവും വെളിച്ചവും ഉറപ്പാക്കാനും സംവിധാനമുണ്ടാകും.

പരിപാടിയോടനുബന്ധിച്ച് പ്രസിഡന്റ്സ് ട്രോഫി ജലോത്സവം 2022 സമഗ്രമായി റിപ്പോർട്ട് ചെയ്ത മാധ്യമപ്രവർത്തകർക്കുള്ള അവാർഡും വിതരണം ചെയ്യും

# കേരളത്തെ ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റാൻ പദ്ധതി



**കോന്നി:** കേരളത്തെ ഹെൽത്ത് കെയർ ഹബ്ബാക്കി മാറ്റുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കോന്നി ഗവ മെഡിക്കൽ കോളജിലെ അക്കാദമിക്ക് ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഈ രംഗത്തെ ആഗോള സാധ്യതകൾ പ്രയോജനപ്പെടുത്താനും ആരോഗ്യ പരിചരണം, ഹെൽത്ത് ടൂറിസം തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട സേവനം നൽകാനുമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും. കെയർ പോളിസി രൂപീകരിക്കാനും പ്രാരംഭ പ്രവർത്തനങ്ങൾക്കുമായി 30 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കോന്നി മെഡിക്കൽ കോളജ് ജില്ലയുടെ വികസനത്തിന് വലിയ മുതൽക്കൂട്ടാകും. വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനാണു സർക്കാർ ശ്രമിക്കുന്നത്. 40 കോടി രൂപ ചെലവിലാണു 1,65,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അക്കാദമിക് ബ്ലോക്ക് നിർമിച്ചത്.

മെഡിക്കൽ കോളജിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 352 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ ഭാഗമായുള്ള 200 കിടക്കകളുള്ള രണ്ടാമത്തെ ബ്ലോക്കിന്റെ നിർമാണം ആരംഭിച്ചു. എൽഡിഎഫ് സർക്കാരിന്റെ കാലയളവിലെ മൂന്നാമത്തെ നൂറുദിന കർമപരിപാടിയാണ് ഫെബ്രുവരി 10 മുതൽ മേയ് 20 വരെയായി നടക്കുന്നത്. ആകെ 1,284 പദ്ധതികളിലായി 15,896 കോടി രൂപയാണു ചെലവഴിക്കുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

മന്ത്രി വീണാ ജോർജ് അധ്യക്ഷയായിരുന്നു. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, ആന്റോ ആന്റണി എംപി, എംഎൽഎമാരായ കെ.യു. ജനീഷ് കുമാർ, പ്രമോദ് നാരായൺ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഓമല്ലൂർ ശങ്കരൻ, കലക്ടർ ഡോ. ദിവ്യ എസ് അയ്യർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ ഡോ. തോമസ് മാത്യു, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജിജി സജി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് ആർ.തുളസീധരൻ പിള്ള, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് പി.എസ്. മോഹനൻ, സിപിഎം ജില്ലാ സെക്രട്ടറി കെ.പി. ഉദയഭാനു വിവിധ കക്ഷി നേതാക്കൾ, പഞ്ചായത്ത് പ്രസിഡന്റ് രേഷ്മ മറിയം റോയ്, ഡിഎംഇ എൽ.അനിതാ കുമാരി, പ്രിൻസിപ്പൽ മിറിയം വർക്കി, ഡോ.എ.ഷാജി തുടങ്ങിയവർ പ്രസംഗിച്ചു.

# ഡിജിറ്റൽ സയൻസ് പാർക്ക് രാജ്യത്തിന്റെ ഭാവിക്കു മുതൽക്കൂട്ട്: മുഖ്യമന്ത്രി

**തിരുവനന്തപുരം:** കേരളത്തിന്റെ ഡിജിറ്റൽ സയൻസ് പാർക്ക് രാജ്യത്തിന്റെ ഭാവിക്കു മുതൽക്കൂട്ടാണെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കേന്ദ്ര സംസ്ഥാന സർക്കാരുകൾ അർപ്പണബോധത്തോടെ ഒരുമിച്ചു പ്രവർത്തിച്ചാൽ വികസനത്തിന്റെ മേഖലയിൽ അത്ഭുതങ്ങൾ കൈവരിക്കാൻ കഴിയുമെന്നും മുഖ്യമന്ത്രി പറഞ്ഞു. തിരുവനന്തപുരത്ത് പ്രധാന മന്ത്രി പങ്കെടുത്ത വിവിധ വികസന പദ്ധതികളുടെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മൾട്ടി ഡിസിപ്ലിനറി ഇന്നവേഷൻ പ്രോത്സാഹിപ്പിക്കുന്ന സ്ഥാപനമായാണു ഡിജിറ്റൽ സയൻസ് പാർക്കിനെ വിഭാവനം ചെയ്തിരിക്കുന്നതെന്നു മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ടെക്നോസിറ്റിയിലുള്ള കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നവേഷൻ ആൻഡ് ടെക്നോളജിയോടു ചേർന്നാണ് 1,500 കോടി മുതൽ മുടക്കിൽ 13.93 ഏക്കറിലായി ഡിജിറ്റൽ സയൻസ് പാർക്ക് യാഥാർഥ്യമാവുന്നത്. പ്രാരംഭ മുതൽ മുടക്കായി നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റിൽ സംസ്ഥാന സർക്കാർ 200 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഡിജിറ്റൽ ഇൻഡസ്ട്രി, ഡിജിറ്റൽ ആപ്ലിക്കേഷൻസ്, ഡിജിറ്റൽ ഓൺട്രപ്രണർഷിപ്പ്, ഡിജിറ്റൽ ഡീപ് ടെക്ക് എന്നീ മേഖലകളിലായിരിക്കും പാർക്ക് ഊന്നുന്നത്. ഉന്നത വിദ്യാഭ്യാസ, ഗവേഷണ, വ്യവസായ സ്ഥാപനങ്ങൾ ഇതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമാകും. ഡിജിറ്റൽ സയൻസ് പാർക്ക് വികസനവുമായി ബന്ധപ്പെട്ടു മാഞ്ചസ്റ്റർ, ഓക്സ്ഫഡ്, എഡിൻബർഗ് എന്നീ വിദേശ സർവ്വകലാശാലകൾ ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചിട്ടുണ്ട്. ഇതിൽനിന്നുതന്നെ പദ്ധതി രാജ്യത്തിന്റെയാകെ ഭാവിക്ക് മുതൽക്കൂട്ടാകുമെന്നു വ്യക്തമാണ്.

രാജ്യത്തെ ആദ്യത്തേതും ഈ വലിപ്പത്തിലുള്ള ഏഷ്യയിലെ ആദ്യത്തേതുമായ സംയോജിത ജലഗതാഗത സംവിധാനമായാണു കൊച്ചി വാട്ടർ മെട്രോ യാഥാർഥ്യമായിരിക്കുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ നിക്ഷേപവും ജർമൻ ഫണ്ടിങ് ഏജൻസി കെ.എഫ്.ഡബ്ല്യുവിന്റെ വായ്പയും ഉൾപ്പെടെ 1,136.83 കോടി രൂപ ചിലവിലാണു പദ്ധതി യാഥാർഥ്യമാക്കിയത്. അത്യാധുനിക സൗകര്യങ്ങളുള്ള നൂതന പൊതുഗതാഗത സംവിധാനം സാധാരണക്കാരായ ജനങ്ങൾക്കു കുറഞ്ഞ ചെലവിൽ ലഭ്യമാകും. ഗതാഗത, വിനോദസഞ്ചാര മേഖലകൾക്ക് മുതൽക്കൂട്ടാകുന്ന പദ്ധതി കൊച്ചി നഗരത്തിലെ റോഡുകളിലെ തിരക്കും കാർബൺ ബഹിർഗമനവും കുറയ്ക്കും.

പൂർണമായും കേരള സർക്കാരിന്റെ മുൻകൈയിലുള്ള വാട്ടർ മെട്രോ പദ്ധതി ഇന്ത്യയിലെ മറ്റ് 40 നഗരങ്ങളിലെങ്കിലും ഉപയോഗപ്പെടുത്താൻ കഴിയുമെന്നാണു പ്രതീക്ഷ. ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ രാജ്യത്തിനാകെ മാതൃകയായിട്ടുള്ള കേരളം നഗരജലഗതാഗതത്തിലും രാജ്യത്തിനു മാതൃകയാകാൻ പോവുകയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

## ആരോഗ്യ പ്രവർത്തകർക്ക് നേരെയുള്ള അക്രമം നിയമലംഘനമായി കണക്കാക്കുമെന്ന് ഹൈക്കോടതി

കേരള ഹെൽത്ത്കെയർ സർവീസ് പേഴ്സൺസ് ആൻഡ് ഹെൽത്ത്കെയർ സർവ്വീസ് ഇൻസ്റ്റിറ്റ്യൂഷൻസ് (പ്രിവൻഷൻ ഓഫ് വയലൻസ് ആൻഡ് ഡാമേജ് ടു പ്രോപ്പർട്ടി) ആക്ട് 2012 ൽ ഇനിയൊരു സർക്കാർ ഉത്തരവ് ഉണ്ടാകുന്നത് വരെ ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും നേരെയുള്ള അക്രമം നിയമലംഘനമായി കണക്കാക്കി ശിക്ഷാനടപടികൾ സ്വീകരിക്കുമെന്ന് ഹൈക്കോടതി വ്യക്തമാക്കി.

ആക്ട് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ട് കേരള പ്രൈവറ്റ് ഹോസ്പിറ്റൽ അസോസിയേഷൻ സമർപ്പിച്ച റിവ്യൂ പെറ്റീഷനിലാണ് ഹൈക്കോടതി ഉത്തരവ്. കേസ് ഇനി മെയ് 26 ന് പരിഗണിക്കും.

## പ്രസിഡന്റ്സ് ട്രോഫി: മാധ്യമ അവാർഡുകൾ പ്രഖ്യാപിച്ചു

അഷ്ടമുടി കായലിൽ 2022 നവംബർ 26ന് നടന്ന പ്രസിഡന്റ്സ് ട്രോഫി ജലോത്സവത്തിന്റെ ഭാഗമായിട്ടുള്ള പത്ര, ദൃശ്യ മാധ്യമങ്ങൾക്കുള്ള അവാർഡ് പ്രഖ്യാപിച്ചു. പത്രമാധ്യമങ്ങളിൽ ഒന്നാം സ്ഥാനം എസ് ആർ സുധീർ കുമാർ (ദീപിക ദിനപത്രം), രണ്ടാം സ്ഥാനം ജി ഹസ്താമലകൻ (മലയാള മനോരമ), ദൃശ്യ മാധ്യമത്തിൽ ഒന്നാം സ്ഥാനം ബി ശ്രീകുമാർ (ദൂരദർശൻ), രണ്ടാം സ്ഥാനം സുജിത് സുരേന്ദ്രൻ (അമൃത ടിവി) എന്നിവർ നേടി. വിജയികൾക്കുള്ള അവാർഡ്ദാനം നാളെ (ഏപ്രിൽ 27) വൈകിട്ട് നാലിന് കൈമാറും.കേരള കൗമുദി മുൻ സ്പെഷ്യൽ കറസ്പോണ്ടന്റ് കെ രാജൻബാബു, പിടിഎ മുൻ ലേഖകൻ കെ എസ് ഭാസ്കരൻ, ഏഷ്യാനെറ്റ് മുൻ സീനിയർ ക്യാമറാമാൻ എൻ ഇബ്രാഹിം ഖലീൽ എന്നിവരടങ്ങിയ ജഡ്ജിങ് സമിതിയാണ് അവാർഡ് നിർണയിച്ചത്.

# റബറിന് താങ്ങുവില ഉയർത്തണമെന്നതുൾപ്പെടെ ആവശ്യങ്ങളുമായി ക്രിസ്ത്യൻ സഭാ അധ്യക്ഷൻമാർ



ക്രൈസ്തവ സഭാ മേലധ്യക്ഷന്മാർ പ്രധാന മന്ത്രി നരേന്ദ്ര മോദിയുമായി കൊച്ചിയിൽ കൂടിക്കാഴ്ച നടത്തിയപ്പോൾ

**കൊച്ചി:** റബറിനു താങ്ങുവില ഉയർത്തണമെന്ന് ക്രിസ്തൃൻ സഭ അധ്യക്ഷന്മാർ പ്രധാന മന്ത്രിയോട് ആവശ്യപ്പെട്ടു. കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും മലയോര മേഖലയിലെ ജനങ്ങളുടെയും പ്രശ്നങ്ങളും കഴിഞ്ഞ ദിവസം അവർ പ്രധാന മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തി.

കർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും മലയോര മേഖലയിലെ ജനങ്ങളുടെയും പ്രശ്നങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഇക്കാര്യങ്ങളിൽ കേന്ദ്രസർക്കാരിൻറെ സഹായം വേണമെന്ന് സഭാ അധ്യക്ഷൻമാർ ആവശ്യപ്പെട്ടു. ദലിത് ക്രൈസ്തവരുടെ സംവരണത്തിൽ പ്രധാനമന്ത്രിയുടെ ഇടപെടൽ വേണമെന്ന കാര്യം ചൂണ്ടിക്കാട്ടിയെന്ന് കർദിനാൾ ജോർജ് ആലഞ്ചേരി പറഞ്ഞു.ദലിത് ക്രൈസ്തവരുടെ സംവരണത്തിൽ പ്രധാനമന്ത്രിയുടെ ഇടപെടൽ വേണമെന്നും അവർ ആവശ്യപ്പെട്ടു.

സഭാ തർക്കം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതായി യാക്കോബായ സഭ മെത്രാപ്പോലീത്തൻ ട്രസ്റ്റി ജോസഫ് മാർ ഗ്രിഗോറിയോസ് പറഞ്ഞു. സംസ്ഥാന സർക്കാർ നടപ്പാക്കാൻ പോകുന്ന സഭ നിയമനിർമ്മാണത്തിന് പ്രധാനമന്ത്രിയുടെ പിന്തുണ ആവശ്യപ്പെട്ടു. ഭൂരിപക്ഷം വരുന്ന വിശ്വാസികളുടെ വികാരം മാനിക്കണം എന്നും ആവശ്യപ്പെട്ട് ജോസഫ് മാർ ഗ്രിഗോറിയോസ് പ്രധാനമന്ത്രിക്ക് നിവേദനം നൽകി.

രാജ്യത്തെ വികസന വിഷയങ്ങളും ആരോഗ്യ മേഖലയിലെ പ്രശ്നങ്ങളും ചർച്ച ചെയ്യപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്ര മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ, കേന്ദ്രമന്ത്രി വി മുരളീധരൻ, പ്രഹ്ളാദ് ജോഷി, ബി ജെ പി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രൻ, വൈസ് പ്രസിഡൻറ് ഡോ. കെ എസ് രാധാകൃഷ്ണൻ എന്നിവരടങ്ങിയ ടീമാണ് സംസ്ഥാനത്തെ ക്രൈസ്തവ ഏകോപനത്തിന് വേണ്ടി കഴിഞ്ഞ ഒരു വർഷമായി പ്രവർത്തിച്ചത്. ഡോ. കെ എസ് രാധാകൃഷ്ണനായിരുന്നു സംഘാടന ചുമതല. മാർ ജോർജ് ആലഞ്ചേരി(സിറോ മലബാർ സഭ), ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ത്രിതീയൻ കാതോലിക്ക (ഓർത്തഡോക്സ് സഭ), ജോസഫ് മാർ ഗ്രീഗോറിയോസ് (യാക്കോബായ സഭ), മാർ മാത്യു മൂലക്കാട്ട് (ക്നാനായ കത്തോലിക്ക സഭ, കോട്ടയം), മാർ ഔജിൻ കുര്യാക്കോസ് (കൽദായ സുറിയാനി സഭ), കർദിനാൾ മാർ ക്ലീമിസ് (സിറോ മലങ്കര സഭ), ആർച്ച്ബിഷപ് മാർ ജോസഫ് കളത്തിപ്പറമ്പിൽ (ലത്തീൻ സഭ വരാപ്പുഴ രൂപത), കുര്യാക്കോസ് മാർ സേവേറിയൂസ് (ക്നാനായ സിറിയൻ സഭ, ചിങ്ങവനം) എന്നീ എട്ട് ക്രൈസ്തവ മത മേലധ്യക്ഷന്മാരാണ് പ്രധാന മന്ത്രിയുമായി കൂടിക്കാഴ്ച നടത്തിയത്.

പാർട്ടിയെ പ്രതിനിധീകരിച്ച് പാർട്ടി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രനും ക്രൈസ്തവ സഭാ ഏകോപനത്തിന് ചുക്കാൻ പിടിച്ച ഡോ. കെ. എസ്. രാധാകൃഷ്ണനും പങ്കെടുത്തു. ഡോക്ടർ രാധാകൃഷ്ണൻ രചിച്ച ഭഗവദ് ഗീതയെ അധികരിച്ചുള്ള ഇംഗ്ലീഷ് പുസ്തകം പ്രധാനമന്ത്രിക്ക് സമ്മാനിച്ചു.

# വിശ്വ ക്ഷേത്ര സമന്വയ സമിതിയുടെ പ്രഥമ സമ്മേളനം

**കൊച്ചി :** എറണാകുളം നഗരത്തിലെ വിവിധ ക്ഷേത്രങ്ങളുടെ കൂട്ടായ്മയായ വിശ്വ ക്ഷേത്ര സമന്വയ സമിതിയുടെ പ്രഥമ സമ്മേളനം കലൂർ പാവക്കുളം ക്ഷേത്രാങ്കണത്തിൽ ജസ്റ്റീസ് (റിട്ട) പി.എൻ.രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു.

വിശ്വാസവും, ക്ഷേത്ര നടത്തിപ്പുമായി ബന്ധപ്പെട്ട് അന്യോന്യം സഹകരിക്കാൻ സാധിക്കുന്ന മേഖലകൾ കണ്ടെത്തി പരസ്പരം സഹകരിച്ച് പ്രവർത്തിക്കാൻ നഗരത്തിലെ വിവിധ ക്ഷേത്രങ്ങൾ തമ്മിൽ ധാരണയായെന്ന് ക്ഷേത്ര സമന്വയ സമിതി ജനറൽ കൺവീനർ വിനോദ് കരോള്ളിൽ പറഞ്ഞു. ആദ്യപടിയായി നഗര പരിധിയിലെ നിർധനരുടെ വിവാഹം ഇരുപത്തി അയ്യായിരം രൂപ മാത്രം ഈടാക്കി കലൂർ പാവക്കുളം ക്ഷേത്രത്തിൽ നടത്താൻ തീരുമാനിച്ചു. മേശ, കസേര, ഓഡിറ്റോറിയം, 300 പേർക്ക് വരെയുള്ള സദ്യയും ഇതിൽ ഉൾപ്പെടുമെന്ന് വിനോദ് കരോള്ളിൽ പറഞ്ഞു.



എറണാകുളം നഗരത്തിലെ വിവിധ ക്ഷേത്രങ്ങളുടെ കൂട്ടായ്മയായ വിശ്വ ക്ഷേത്ര സമന്വയ സമിതിയുടെ പ്രഥമ സമ്മേളനം കലൂർ പാവക്കുളം ക്ഷേത്രാങ്കണത്തിൽ ജസ്റ്റീസ് (റിട്ട) പി.എൻ.രവീന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.ജയ ഗോപൻ , വിനോദ് കരോള്ളിൽ, സുധീർ പുതിയോടത്ത് എന്നിവർ സമീപം.

കൂടാതെ വിവിധ ക്ഷേത്രങ്ങളുടെ സാമ്പത്തിക സഹായത്തോടെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് സ്പോൺസർഷിപ്പ് ഏർപ്പെടുത്തുക, തയ്യൽ ക്ലാസുകൾ, സമ്മർ ക്യാമ്പുകൾ, ക്ഷേത്രങ്ങൾക്ക് സൗജന്യ നിയമോപദേശം നൽകൽ, ക്ഷേത്രങ്ങൾ തമ്മിൽ കൾച്ചറൽ സെമിനാറുകളും, ഉത്സവങ്ങളും സംഘടിപ്പിക്കുക, ക്ഷേത്രങ്ങളിലേയ്ക്ക് സാധന സാമഗ്രഹികൾ വാങ്ങുന്നതിന് ഏകജാലകം സംവിധാനം ഒരുക്കുക തുടങ്ങി വിവധ നൂതന ആശയങ്ങൾ പ്രാവർത്തികമാക്കാൻ യോഗത്തിൽ ധാരണയായതായി ഭാരവാഹികൾ അറിയിച്ചു.

സമന്വയ സമിതി ജില്ലാ കോ ഓർഡിനേറ്റർ സുധീർ പുതിയോടത്ത്, ജയ ഗോപൻ തുടങ്ങിയവരും പ്രസംഗിച്ചു.

# തൊഴിലാളി ക്ഷേമം ഉറപ്പാക്കി തൊഴിൽ വകുപ്പ്

**കൊല്ലം:** ജില്ലയിൽ വിവിധ മേഖലകളിലെ തൊഴിലാളികളുടെ ചേർത്തുപിടിച്ച് ജില്ലാ ലേബർ ഓഫീസ്. മരം കയറ്റ തൊഴിലിനിടെ അപകടം സംഭവിച്ച തൊഴിലാളികൾക്ക് ഒറ്റത്തവണ ചികിത്സാധന സഹായമായി 50000 രൂപയും മരണപ്പെട്ടവരുടെ ആശ്രിതർക്ക് 100000 രൂപയും ധനസഹായവും നൽകിവരുന്നു. ഈ വിഭാഗത്തിൽ 202223 സാമ്പത്തിക വർഷം 12 ലക്ഷം രൂപയാണ് അനുവദിച്ചത്. കൂടാതെ, മരം കയറ്റ തൊഴിലിനിടെ അപകടം സംഭവിച്ച തൊഴിലാളികൾക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമായി 1600 രൂപ പ്രതിമാസ പെൻഷനും വിതരണം ചെയ്യുന്നുണ്ട്. അസംഘടിത മേഖലയിലെ ഗുരുതര രോഗബാധിതരായ തൊഴിലാളികൾക്കും ഒറ്റത്തവണ ധനസഹായമായി 2000 രൂപ വീതം നൽകുന്നുണ്ട്.

ഒരു വർഷത്തിലേറെയായി പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ, കയർ സഹകരണ സംഘങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ 406 തൊഴിലാളികൾക്ക് 2000 രൂപ നിരക്കിൽ 812000 രൂപ എക്സ്ഗ്രേഷ്യയായി വിതരണം ചെയ്തു. ഓണക്കാലത്ത് പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റും നൽകി.

സ്വദേശികളായ തൊഴിലാളികൾക്കൊപ്പം ഇതര സംസ്ഥാന തൊഴിലാളികളെയും ക്ഷേമപദ്ധതികളുടെ ഭാഗമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികൾക്കായുള്ള ആവാസ് ഇൻഷുറൻസ് പദ്ധതിയിൽ 24642 ഇതരസംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജോലിക്കിടെ അപകടമുണ്ടായാൽ ചികിത്സാ ആവശ്യങ്ങൾക്കായി 25000 രൂപയും അംഗവൈകല്യം സംഭവിച്ചാൽ ഒരു ലക്ഷം രൂപയും മരണം സംഭവിച്ചാൽ രണ്ട് ലക്ഷം രൂപയും ഉറപ്പാക്കുന്നു. ജോലിക്കിടെ മരണപ്പെട്ട ഇതര സംസ്ഥാന തൊഴിലാളികളുടെ മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ചെലവഴിച്ചത് 712604 രൂപയാണ്. ആവാസ് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി കൊല്ലം മുനിസിപ്പൽ കോർപ്പറേഷന്റെ വകയായി പോളയത്തോട് ഫെസിലിറ്റേഷൻ സെന്ററും പ്രവർത്തനം ആരംഭിച്ചു.

## പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ എറണാകുളം ജില്ലയിൽ ആലുവ പ്രീഎക്സാമിനേഷൻ ട്രെയിനിംഗ് സെന്റർ പ്രിൻസിപ്പാൾ തസ്തികയിലേക്ക് പ്രതിമാസം 20000 രൂപ ഹോണറേറിയം വ്യവസ്ഥയിൽ ഒരു വർഷത്തേക്കാണ് നിയമനം. ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും പ്രിൻസിപ്പാൾ/ സെലക്ഷൻ ഗ്രേഡ് ലെക്ചറർ/ സീനിയർ ഗ്രേഡ് ലെക്ചറർ തസ്തികകളിൽ വിരമിച്ചവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പും സ്വയം തയ്യാറാക്കിയ അപേക്ഷയും സഹിതം ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റ്, മ്യൂസിയം നന്ദാവനം റോഡ്, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം 695033 എന്ന വിലാസത്തിൽ അയയ്ക്കണം. അവസാന തീയതി ഏപ്രിൽ 27 വൈകിട്ട് അഞ്ച് മണി. കൂടുതൽ വിവരങ്ങൾക്ക് 04712737246 എന്ന നമ്പറിൽ ബന്ധപ്പെടാം.

## ഒഴിവുകൾ

കേരള വനഗവേഷണ സ്ഥാപനത്തിൽ മൂന്ന് വർഷം കാലാവധിയുള്ള ഒരു സമയബന്ധിത ഗവേഷണ പദ്ധതിയായ 'മെയിന്റനൻസ് ആൻഡ് അപ്സ്കേലിംഗ് ഓഫ് വിട്രോ പ്ലാന്റ്ലറ്റ് പ്രൊഡക്ഷൻ ഫെസിലിറ്റി അറ്റ് കുഴൂരി'ൽ രണ്ട് പ്രോജക്ട് അസിസ്റ്റന്റിന്റെ താത്കാലിക ഒഴിവുണ്ട്. മെയ് എട്ടിന് രാവിലെ 10 മണിക്ക് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ വെച്ച് ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾ കേരള വന ഗവേഷണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ www.kfri.res.in.




# എന്റെ കേരളം പ്രദർശന വിപണന മേള; വാഹന പ്രചാരണ യാത്രയ്ക്ക് തുടക്കമായി

സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഏപ്രിൽ 28 മുതൽ മെയ് 4 വരെ വാഴത്തോപ്പ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ മൈതാനത്ത് സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയുടെ വാഹന പ്രചാരണ യാത്രയ്ക്ക് തുടക്കമായി. രാവിലെ 10 ന് കളക്ടറേറ്റിൽ നടന്ന ചടങ്ങിൽ ജില്ലാ കളക്ടർ ഷീബാ ജോർജ് യാത്ര ഫ്ലാഗ് ഓഫ് ചെയ്തു. ജില്ലയിലുടനീളം വാഹനം പര്യടനം നടത്തും. സംസ്ഥാന സർക്കാർ നടപ്പാക്കിയ വികസന ക്ഷേമ പദ്ധതികൾ വിശദീകരിക്കുന്ന ഡോക്യുമെന്ററികൾ വാഹനത്തിൽ സജ്ജീകരിച്ചിരിക്കുന്ന മീഡിയ വാളിൽ പ്രദർശിപ്പിക്കും. 28 ന് തുടങ്ങുന്ന പ്രദർശന മേളയുടെ അനൗൺസ്മെന്റിനുള്ള സൗകര്യവും വാഹനത്തിൽ സജ്ജമാക്കിയിട്ടുണ്ട്.

സർക്കാരിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങളും സംസ്ഥാനം കൈവരിച്ച നേട്ടങ്ങളും അവതരിപ്പിക്കപ്പെടുന്ന മേളയിൽ പൊതുജനങ്ങൾക്കായി ഒട്ടേറെ സേവനങ്ങൾ വിവിധ വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കൃഷി, മൃഗസംരക്ഷണം, മാലിന്യസംസ്കരണം തുടങ്ങിയ നിത്യജീവിതത്തിൽ പ്രയോജനപ്പെടുന്ന ഒട്ടേറെ വിഷയങ്ങളിൽ വൈജ്ഞാനിക സെമിനാറുകളും നടക്കും. ഒട്ടേറെ സർക്കാർ സേവനങ്ങൾ സൗജന്യമായി ലഭിക്കുന്ന മേളയിലേക്ക് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് വലിയ തോതിൽ ജനങ്ങളെത്തുമെന്നാണ് കരുതുന്നത്.

ചടങ്ങിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസർ വിനോദ് ജി എസ്, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫിസർ യാസിർ ടി എ, വിവിധ വകുപ്പ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

## താത്കാലിക ഒഴിവ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ ഒരു വർഷം വരെ കാലാവധിയുള്ള സമയ ബന്ധിത ഗവേഷണ പദ്ധതിയായ റീജിയണൽ കം ഫെസിലിറ്റേഷൻ സെന്റർ ഫോർ സസ്റ്റയിനബിൾ ഡെവലപ്മെന്റ് ഓഫ് മെഡിസിനൽ പ്ലാന്റ്സിൽ (സതേൺ റീജ്യൻ) ഡെപ്യൂട്ടി ഡയറക്ടറുടെ ഒരു താത്കാലിക ഒഴിവുണ്ട്. മെയ് രണ്ടിന് രാവിലെ 10ന് കേരള വനഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലുള്ള ഓഫീസിൽ ഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക് കേരള വന ഗവേഷണ സ്ഥാപനത്തിന്റെ വെബ്സൈറ്റ് സന്ദർശിക്കണം.

## കെൽട്രോൺ കോഴ്സ് പ്രവേശനം

കെൽട്രോൺ വഴുതക്കാട് നോളെജ് സെന്ററിൽ കോഴ്സ് പ്രവേശനം. അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഗ്രാഫിക്സ്, വെബ് ആൻഡ് ഡിജിറ്റൽ ഫിലിം മേക്കിങ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ അഡ്വാൻസ്ഡ് ഗ്രാഫിക്സ് ഡിസൈനിങ്, സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഗ്രാഫിക്സ് ആൻഡ് വിഷ്വൽ ഇഫക്ട്സ്, കമ്പ്യൂട്ടറൈസ്ഡ് ഫിനാൻഷ്യൽ അക്കൗണ്ടിങ് വിത്ത് ഇന്ത്യൻ ആൻഡ് ഫോറിൻ അക്കൗണ്ടിങ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ഹാർഡ്വെയർ ആൻഡ് നെറ്റ്വർക്ക് മെയിന്റനൻസ്, പ്രൊഫഷണൽ ഡിപ്ലോമ ഇൻ വെബ് ഡിസൈൻ ആൻഡ് ഡെവലപ്മെന്റ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, പി.ജി.ഡി.സി.എ കോഴ്സുകളിലേക്കാണ് അവസരം. ഫോൺ: 8590605260, 0471 2325154.

# ഓട്ടോമാറ്റിക് സിഗ്നലിങ് പദ്ധതി ഇഴഞ്ഞു; ഷൊർണൂർ ഭാഗത്ത് ട്രെയിനുകൾ ഇഴയുന്നു

**ഷൊർണൂർ:** റെയിൽവേയുടെ ഓട്ടോമാറ്റിക് സിഗ്നലിങ് പദ്ധതി മരവിപ്പിച്ച നിലയിൽ. പാലക്കാട്, സേലം, തിരുവനന്തപുരം ഡിവിഷനുകളിൽ ഉൾപ്പെടുന്ന പദ്ധതിയാണു നടപ്പാക്കാത്തത്. വന്ദേഭാരത് ട്രെയിൻ തിരുവനന്തപുരം ഡിവിഷൻ അതിർത്തിയായ പൈങ്കുളം ഗേറ്റിനു സമീപത്തു നിന്നു ഷൊർണൂർ ജംക്ഷൻ കടന്നു കാരക്കാട് റെയിൽവേ സ്റ്റേഷൻ വരെ മണിക്കൂറിൽ 15 കിലോമീറ്റർ മാത്രം വേഗത്തിൽ പോകുന്നതിനു കാരണമായ സാങ്കേതിക പ്രശ്നങ്ങളിലൊന്ന് പദ്ധതി നടപ്പായാൽ പരിഹരിക്കാമായിരുന്നു. ഷൊർണൂർ അതിർത്തിയിലെ 1.5 കിലോമീറ്റർ വരെയുള്ള സിംഗിൾ ലൈൻ പ്രശ്നവും തുടരുന്നു.

ഓട്ടോമാറ്റിക് സിഗ്നലിങ് പദ്ധതി ഈറോഡ് പോത്തനൂർ, പോത്തനൂർ ഷൊർണൂർ വള്ളത്തോൾ നഗർ റൂട്ടിൽ നടപ്പാക്കാനായിരുന്നു തീരുമാനം. ആകെ 209 റൂട്ട് കിലോമീറ്ററാണു പദ്ധതിയുടെ പരിധിയിൽ. സേലം ഡിവിഷനിൽ 107 കിലോമീറ്ററും പാലക്കാട് ഡിവിഷനിൽ 98 കിലോമീറ്ററും തിരുവനന്തപുരത്ത് 4 കിലോമീറ്ററുമാണ് ഓട്ടോമാറ്റിക് സിഗ്നലിങ്ങിന്റെ ഭാഗമായി നവീകരിക്കാൻ തീരുമാനിച്ചത്.

പദ്ധതി നടപ്പാക്കാനുള്ള നോഡൽ ഡിവിഷൻ സേലമായി നിശ്ചയിച്ചു. മൂന്ന് ഡിവിഷൻ റെയിൽവേ മാനേജർമാർക്കായിരുന്നു എസ്റ്റിമേറ്റ് തയാറാക്കാനുള്ള ചുമതല. പിന്നീട് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇഴഞ്ഞു. പാലക്കാട്, കൊച്ചി ഭാഗങ്ങളിൽ നിന്ന് ഷൊർണൂരിലേക്കു പ്രവേശിക്കുമ്പോൾ ഒറ്റപ്പാതയായി തുടരുന്നതും ട്രെയിനുകളുടെ വേഗം കൂട്ടുന്നത് തടസ്സപ്പെടുത്തുന്ന സാങ്കേതിക പ്രശ്നമാണ്.



# റവന്യൂ റിക്കവറി പിരിവിൽ മികച്ച പ്രകടനം കാഴ്ച്ചവച്ചവരെ ആദരിച്ചു

**ഇടുക്കി:** 202223 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിൽ റവന്യൂ റിക്കവറി പിരിവിൽ മികച്ച പ്രകടനം കാഴ്ചവച്ച തഹസിൽദാർമാരെയും വില്ലേജ് ഓഫീസർമാരെയും ആദരിച്ചു.

കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ ജില്ലയിൽ ഏറ്റവും മികച്ച പ്രവർത്തനം നടത്തിയ നെടുങ്കണ്ടം റവന്യൂ റിക്കവറി ഓഫീസ്, താലൂക്ക് ഓഫീസ് പീരുമേട്, താലൂക്ക് ഓഫീസ് തൊടുപുഴ എന്നിവർക്കുള്ള പുരസ്കാരം ജില്ലാ കളക്ടർ ഷീബ ജോർജ് വിതരണം ചെയ്തു.

താലൂക്ക് അടിസ്ഥാനത്തിൽ മികച്ച പ്രവർത്തനം കാഴ്ച്ച വച്ച കട്ടപ്പന, തങ്കമണി, ഇരട്ടയാർ, രാജകുമാരി, പീരുമേട്, കുമളി, തൊടുപുഴ, കരിങ്കുന്നം, മാന്നാംകണ്ടം, വെള്ളത്തൂവൽ എന്നീ വില്ലേജ് ഓഫീസുകൾക്കും ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

യോഗത്തിൽ ഡെപ്യൂട്ടി കളക്ടർമാരായ മനോജ് കെ, ജോളി ജോസഫ്, ദീപ കെ.പി, ഹുസൂർ ശിരസ്തദാർ ഷാജു മോൻ എം.ജെ എന്നിവർ പങ്കെടുത്തു.

# വയനാട് ജില്ലയിൽ വേനൽ മഴയിൽ വൻ കുറവ്



**അമ്പലവയൽ:** കനത്ത ചൂട് തുടരുന്ന ജില്ലയിൽ വേനൽ മഴയിൽ വൻ കുറവ്. കഴിഞ്ഞ വർഷം ലഭിച്ചതിനേക്കാൾ നേർപകുതി മാത്രമാണ് ഏപ്രിൽ മാസത്തെ വേനൽമഴ. കഴിഞ്ഞ വർഷം ഏപ്രിൽ 24 വരെ ജില്ലയിൽ 127. 8 മില്ലി മീറ്റർ മഴ പെയ്തിറങ്ങിയപ്പോൾ ഈ വർഷം അത് 63. 07 മില്ലി മീറ്റർ മഴയായി കുറഞ്ഞു. ഇനി ശക്തമായി പെയ്താലും മഴ കഴിഞ്ഞ വർഷം ലഭിച്ചതിന്റെ അത്രയും അളവ് കിട്ടാൻ സാധ്യതയില്ല. മഴയുടെ അളവ് കുറ!ഞ്ഞത് ജില്ലയിൽ താപനില കൂടുതൽ ഉയരുന്നതിനും കാരണമായിട്ടുണ്ട്. 33 ഡിഗ്രി സെൽഷ്യസിന് മുകളിൽ വരെ ജില്ലയിൽ താപനിലയുണ്ട്.

കഴിഞ്ഞ ദിവസങ്ങളിൽ മിക്ക ഇടങ്ങളിലും മഴകൾ ലഭിച്ചെങ്കിലും താപനിലയിൽ കാര്യമായ മാറ്റം ഉണ്ടിയിട്ടില്ല. കഴിഞ്ഞ വർഷം മാർച്ച് മാസത്തിൽ 121.4 മില്ലിമീറ്റർ മഴയാണ് ജില്ലയിൽ ലഭിച്ചത്. ഈ വർഷം അത് 110. 5 മില്ലിമീറ്റർ ആയി കുറഞ്ഞു.

### നവകേരളം വൃത്തിയുള്ള കേരളം ക്യാമ്പയിൻ;

# ആദ്യഘട്ടം ജൂൺ അഞ്ചിന് മുമ്പ് പൂർത്തീകരിക്കണം



**കൊച്ചി:**നവകേരളം വൃത്തിയുള്ള കേരളം ക്യാമ്പയിന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ ജൂൺ അഞ്ചിന് മുമ്പ് പൂർത്തീകരിക്കാൻ ഒരുങ്ങി ജില്ലാ ഭരണകൂടം. ക്യാമ്പയിൻ വിജയകരമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി കില റിസോഴ്സ് പേഴ്സൺമാരുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷൻമാർക്ക് ജില്ലാതല പരിശീലന പരിപാടി സംഘടിപ്പിച്ചു.നവകേരളം വൃത്തിയുള്ള കേരളം ക്യാമ്പയിൻ എല്ലാവരുടേയും കൂട്ടായ പങ്കാളിത്തത്തോടെ കൂടുതൽ ജനകീയമാക്കണമെന്ന് പരിശീലന പരിപാടിയിൽ പങ്കെടുത്തുകൊണ്ട് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ് പറഞ്ഞു. ക്യാമ്പയിൻ സംബന്ധിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഓരോ പഞ്ചായത്തിലും വാർഡ് അടിസ്ഥാനത്തിൽ ഗ്രാമ സഭകൾ ചേരണം. മാലിന്യ സംസ്കരണം ശരിയായ രീതിയിൽ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്നും വിലയിരുത്തണം. മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ ബയോ ബിൻ ഉറപ്പാക്കണം. ബയോബിൻ ഉപയോഗത്തിൽ ജനങ്ങൾക്ക് പരിശീലനം നൽകണമെന്നും അദ്ദേഹം പറഞ്ഞു.നവകേരളം വൃത്തിയുള്ള കേരളം ക്യാമ്പയിൻ വിജയകരമായി പൂർത്തീകരികന്നതിന് ജനപ്രതിനിധികളുടെ പൂർണ്ണ പിന്തുണ ആവശ്യമാണെന്ന് ജില്ലാ കളക്ടർ എൻ എസ് കെ ഉമേഷ് പറഞ്ഞു. ജില്ലയിലെ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കണം. ജൈവ മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുക, അജൈവമാലിന്യങ്ങൾ, പാഴ് വസ്തുക്കൾ എന്നിവയുടെ വാതിൽപ്പടി ശേഖരണം ഉറപ്പാക്കുക, പൊതുവിടങ്ങളിലെ മാലിന്യം നീക്കം ചെയ്യുന്നതിനോടൊപ്പം അവിടെ മാലിന്യങ്ങൾ വീണ്ടും വലിച്ചെറിയാതിരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക, ജലസ്രോതസ്സുകൾ ശുചീകരിക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ആദ്യഘട്ടത്തിൽ ജില്ലയിൽ ക്യാമ്പയിന്റെ ഭാഗമായി നടപ്പിലാക്കുന്നതെന്നും കളക്ടർ പറഞ്ഞു.പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയാതിരിക്കാനുള്ള സന്ദേശം ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. നവകേരളം കർമ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ഹരിത കേരളം മിഷൻ, ശുചിത്വമിഷൻ, എന്നിവയുടെ നേതൃത്വത്തിലാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്.കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന പരിശീലന പരിപാടിയിൽ തദ്ദേശസ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ പി എം ഷെഫീഖ്, ജില്ലാ പ്ലാനിങ് ഓഫീസർ പി എ ഫാത്തിമ, ശുചിത്വ മിഷൻ ജില്ലാ കോഓഡിനേറ്റർ പി എച്ച് ഷൈൻ, ഹരിത കേരളം മിഷൻ ജില്ലാ കോഓഡിനേറ്റർ എസ് രഞ്ജിനി, ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രതിനിധികൾ, നഗരസഭ ബ്ലോക്ക് പഞ്ചായത്ത്ഗ്രാമ പഞ്ചായത്ത് അധ്യക്ഷന്മാർ തുടങ്ങിയവർ പങ്കെടുത്തു.

# വാട്ടർ മെട്രോ കൊച്ചിയിലെ ദ്വീപ സമൂഹങ്ങളിലെ ജീവിത നിലവാരം ഉയർത്തും: മന്ത്രി പി. രാജീവ്




**കൊച്ചി:** കൊച്ചി മെട്രോ റെയിൽ നഗരത്തെ ആധുനികവത്കരിച്ചുവെങ്കിൽ പത്ത് ദ്വീപ സമൂഹങ്ങളിലുള്ള ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താൻ കഴിയുന്ന ഏറ്റവും വിപ്ലവകരമായ പദ്ധതിയാണ് കൊച്ചി വാട്ടർ മെട്രോ എന്ന് മന്ത്രി പി. രാജീവ്. പ്രധാനമന്ത്രി നാടിന് സമർപ്പിച്ച കൊച്ചി വാട്ടർ മെട്രോയുടെ ഫ്ളാഗ് ഓഫ് നിർവഹിക്കുകയായിരുന്നു അദ്ദേഹം.കൊച്ചി ലോക നിലവാരത്തിലേക്ക് ഉയരുന്നതിന്റെ മറ്റൊരു ഘട്ടമാണിത്. 1136.83 കോടി രൂപയുടെ പദ്ധതിയാണ് കൊച്ചി വാട്ടർ മെട്രോ. കേരള സർക്കാരും ജർമൻ ഫണ്ടിംഗ് ഏജൻസിയും ചേർന്നാണ് പൂർണ്ണമായും ഇതിനാവശ്യമായ ഫണ്ട് സമാഹരിച്ചിട്ടുള്ളത്. പാരിസ്ഥിതിക അനുമതി ഉൾപ്പടെ കേന്ദ്ര സർക്കാർ നൽകി. സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്ന പദ്ധതിയാണിത്. ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കാനും പദ്ധതി സഹായകരമാണ്. ആസ്വാദ്യകരമായ യാത്രയും ഇതുവഴി സാധ്യമാകുന്നു. കേരളത്തിന്റെ ഈ പദ്ധതി ഇന്ത്യക്കാകെ മാതൃകയാണെന്ന പ്രധാനമന്ത്രിയുടെ വാക്കുകൾ ശ്രദ്ധേയമാണ്. ഇത് ഓരോ മലയാളിക്കും കേരളത്തിനും അഭിമാനിക്കാൻ വക നൽകുന്നതാണ്. സൗരോർജം ഉപയോഗിച്ചുള്ള അത്യാധുനിക ബോട്ടുകളാണ് വാട്ടർ മെട്രോയിലുള്ളത്. ബോട്ടുകൾ നിർമ്മിച്ച കൊച്ചിൻ ഷിപ്പ് യാർഡ് ഒരു ചരിത്രമാണ് ഈ ഘട്ടത്തിൽ രചിക്കുന്നത്. ഇത്രയധികം ബോട്ടുകൾ നിർമ്മിക്കാൻ ഒന്നിച്ച് ഓർഡർ ലഭിക്കുന്നത് ആദ്യമായി മെട്രോയിൽ നിന്നാണ്. റോഡ് കണക്ടിവിറ്റി, മെട്രോ, വാട്ടർ മെട്രോ എന്നിവയെല്ലാം ഒറ്റ ടിക്കറ്റിൽ സാധ്യമാകുകയാണ്. ലോകത്തിൽ നിർബന്ധമായും കണ്ടിരിക്കേണ്ട ഇടങ്ങളിൽ ഒന്നായി കേരളത്തെ അടയാളപ്പെടുത്തിയിട്ടുണ്ട്. കേരളത്തെ കുറേക്കൂടി ആകർഷകമാക്കുന്നതിന് വാട്ടർ മെട്രോ പദ്ധതി സഹായകരമാകും. കേരളം കാണാനെത്തുന്നവർ കോവളവും വയനാടും ബേക്കലും മാത്രമല്ല, കൊച്ചിയിലെ ദ്വീപ സമൂഹങ്ങളുടെ സൗന്ദര്യം കൂടി ആസ്വദിക്കാൻ അവസരമൊരുങ്ങുകയാണ്. ഇത് ഗ്രാമീണ സമ്പദ് ഘടനയെ ഏറെ ശക്തിപ്പെടുത്തുമെന്നും മന്ത്രി പറഞ്ഞു. കൊച്ചി വാട്ടർ മെട്രോ വെബ് സൈറ്റ് മന്ത്രി പി. രാജീവ് പുറത്തിറക്കി. ഇന്റഗ്രേറ്റഡ് മെട്രോ കാർഡിന്റെ വിതരണോദ്ഘാടനം മന്ത്രി പി. രാജീവ് കൊച്ചി മേയർക്ക് കൈമാറി നിർവഹിച്ചു. ഫ്ളാഗ് ഓഫിനു ശേഷം വിശിഷ്ടാതിഥികളും ചേർന്ന് വാട്ടർ മെട്രോയിൽ യാത്ര ചെയ്തു. കൊച്ചി മേയർ എം. അനിൽ കുമാർ അധ്യക്ഷത വഹിച്ചു. ഹൈബി ഈഡൻ എം.പി വിശിഷ്ടാതിഥിയായി. എം.എൽ.എമാരായ കെ.ബാബു, ടി.ജെ. വിനോദ്, കെ.ജെ. മാക്സി, ആന്റണി ജോൺ, കെ. എൻ ഉണ്ണികൃഷ്ണൻ, ഉമ തോമസ്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് പ്രൊജക്ട് ഡയറക്ടർ ഡോ. എം.പി. രാംനവാസ്, കൊച്ചി വാട്ടർ മെട്രോ ലിമിറ്റഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ സാജൻ പി. ജോൺ, കൊച്ചി വാട്ടർ മെട്രോ ചീഫ് ജനറൽ മാനേജർ ഷാജി ജനാർദനൻ തുടങ്ങിയവർ പങ്കെടുത്തു.

# 'ഓപ്പറേഷൻ കാവേരി 'തുടങ്ങി; സുഡാനിൽ കുടുങ്ങിയ ഇന്ത്യക്കാരെ രക്ഷപെടുത്താൻ ഐ.എൻ.എസ് സുമേധ



**കൊച്ചി:** ആഭ്യന്തര കലാപം രൂക്ഷമായ സുഡാനിൽ കുടുങ്ങിയ ഇന്ത്യക്കാരെ ഒഴിപ്പിക്കുന്ന നടപടിതുടങ്ങി.' ഓപ്പറേഷൻ കാവേരി' എന്ന പേരിൽ നടക്കുന്ന ഒഴിപ്പിക്കൽ കപ്പൽ മാർഗ്ഗമാണ് ആരംഭിച്ചിരിക്കുന്നത്. ഇതിനായി ഇന്ത്യൻ നാവിക സേനയുടെ യുദ്ധകപ്പൽ ഐ.എൻ.എസ് സുമേധ സുഡാനിലെ തുറമുഖത്തെത്തി.ഇവിടെ നിന്നും ആദ്യ സംഘ ഇന്ത്യാക്കാരെയുമായി കപ്പൽ ജിദ്ദ തുറമുഖത്തെത്തി. സംഘ്ത്തിൽ മലയാളികളുമുണ്ടെന്നാണ് വിവരം.ജിദ്ദയിൽ നിന്നും വിമാനമാർഗ്ഗമായിരിക്കും ഇവരെ ഇന്ത്യയിൽ എത്തിക്കുക.സുഡാനുമായി ഏറ്റവും അടുത്ത കിടിക്കുന്ന തുറമുഖമെന്ന നിലയിലാണ് ജിദ്ദ തിരഞ്ഞെടുത്തിരിക്കുന്നത്. കുട്ടികളും സ്ത്രീകളും അടക്കം 278 പേരാണ് ഐ.എൻ.എസ് സുമേധയിൽ ആദ്യം ജിദ്ദയിൽ എത്തിയത്.സുഡാനിൽ സ്ഥിതി അതീവ ഗുരുതരമാണെന്ന് ഒഴിപ്പിക്കപ്പെട്ടവർ വ്യക്തമാക്കി.ഭക്ഷണവും വെള്ളവുമില്ലാതെ കടുത്ത ദുരിതമാണ് കഴിഞ്ഞ ഏതാനും ദിവസങ്ങളായി നേരിട്ടതെന്നും ഇവർ വ്യക്തമാക്കുന്നു. മുംബൈയിലോ കൊച്ചിയിലോ ആയിരിക്കും ഒഴിപ്പിക്കുന്നവരെ എത്തിക്കുക.പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നിർദ്ദേശ പ്രകാരം കേന്ദ്രവിദേശകാര്യ സഹമന്ത്രി വി.മുരളീധരനാണ് ജിദ്ദയിലെത്തി ഒഴിപ്പിക്കൽ നടപടികൾ ഏകോപിപ്പിക്കുന്നത്.കൊച്ചിയിൽ നടന്ന യുവം സമ്മേളന വേദിയിൽ വെച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇക്കാര്യം പ്രഖ്യാപിച്ചിരുന്നു.സമ്മേളനത്തിനു പിന്നാലെ കേന്ദ്ര മന്ത്രി വി.മുരളീധരൻ ജിദ്ദയിലേക്ക് പുറപ്പെടുകയായിരുന്നു.റക്ഷ്യ-ഉക്രൈൻ യുദ്ധത്തെതുടർന്നു ഉക്രൈനിൽ കുടങ്ങിയ ഇന്ത്യക്കാരെ ഒഴിപ്പിച്ചതിനു ശേഷമുള്ള രണ്ടാമത്തെ ഒഴിപ്പിക്കൽ ദൗത്യമാണ് ഇന്ത്യയുടെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നത്.

# ശ്രീലങ്കൻ ടൂറിസം മേള കൊച്ചിയിൽ

**കൊച്ചി:** ഇന്ത്യയുമായുള്ള സാംസ്കാരിക, വിനോദ സഞ്ചാര, ഉഭയകക്ഷി, ബന്ധങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ശ്രീലങ്കൻ ടൂറിസം ഇന്ത്യയുടെ പ്രധാന നഗരങ്ങളിൽ റോഡ് ഷോ (ടൂറിസം മേള ) ആരംഭിച്ചു. ഏപ്രിൽ 26 ന്കൊച്ചിയിൽ ലെ മെറിഡിയൻ കൺവെൻഷൻ സെന്റിലാണ് ടൂറിസം മേള നടക്കുക. 30 ശ്രീലങ്കൻ ട്രാവൽ ഏജൻസികളുടെയും ഹോട്ടലുകളുമുൾപ്പെട്ട പ്രതിനിധി സംഘമാണ് മേളയിൽ പങ്കെടുക്കുന്നത്. ശ്രീലങ്കൻ ടൂറിസം മന്ത്രി ഹരിൻ ഫെർണാണ്ടോ, ശ്രീലങ്ക ടൂറിസംപ്രൊമോഷൻ ബ്യൂറോ ചെയർമാൻ ചലക ഗജബാഹു, ശ്രീലങ്ക കൺവെൻഷൻ ബ്യൂറോ ചെയർമാൻ തിസും ജയസൂര്യ, ശ്രീലങ്കൻ ടൂറിസം പ്രൊമോഷൻ ബ്യൂറോ ജൂനിയർ മാനേജർ ഷിറാനി ഹെർത്ത്, ശ്രീലങ്ക കൺവെൻഷൻബ്യൂറോ മാർക്കറ്റിംഗ് മാനേജർ ശ്രീമതി മൽകാന്തി വെലിക്ല എന്നിവരാണ് പ്രതിനിധി സംഘത്തെ നയിക്കുന്നത്. ക്രിക്കറ്റ് താരം സനത് ജയസൂര്യ മുഖ്യതിഥിയായെത്തും. പ്രത്യേകമായി ശ്രീലങ്കൻ സമ്പന്നമായ കലാ പൈതൃകം പ്രദർശിപ്പിക്കുന്നതിനായി ശ്രീലങ്കൻ നൃത്തസംഘവും എത്തിച്ചേരും. വ്യാപാര വ്യവസായ പ്രമുഖരും, ടൂറിസം ഓഹരി ഉടമകളും, കോർപ്പറേറ്റുകളും, മാധ്യമ പ്രവർത്തകരും മേളയിൽ ഒത്തു ചേരും. ഏപ്രിൽ 24 ന് ചെന്നയിലാണ് ആദ്യ റോഡ് ഷോ നടന്നത്. കൊച്ചിക്ക് ശേഷം ഏപ്രിൽ 28 ന് ബാംഗ്ലൂരിൽ റോഡ് ഷോ നടക്കുമെന്ന് സംഘാടകർ അറിയിച്ചു.

# കൊച്ചി വാട്ടർ മെട്രോയിലും കുടുംബശ്രീയുടെ പെൺപെരുമ




**കൊച്ചി :** കൊച്ചി മെട്രോ റെയിലിനു ശേഷം കേരളത്തിന്റെ പൊതുഗതാഗത രംഗത്ത് പുതിയൊരു വികസന ചരിത്രമെഴുതുന്ന കൊച്ചി വാട്ടർ മെട്രോയിലും കുടുംബശ്രീയുടെ പെൺകരുത്ത്. ഇതിൽ ഹൗസ് കീപ്പിങ്ങ്, ടിക്കറ്റിങ്ങ് എന്നീ ജോലികൾക്കായി നിയോഗിച്ചിട്ടുള്ള മുപ്പത് പേർ കുടുംബശ്രീ വനിതകൾ. കൊച്ചിയിലെ പത്തു ദ്വീപുകളെ ബന്ധിപ്പിക്കുന്ന വാട്ടർ മെട്രോ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്നലെ ) നാടിനു സമർപ്പിച്ചപ്പോൾ കുടുംബശ്രീ കൈവരിച്ചത് അഭിമാനകരമായ മറ്റൊരു നേട്ടം. ഇതിന് മുമ്പ് കൊച്ചി റെയിൽ മെട്രോയുടെ വിവിധ വിഭാഗങ്ങളിലെ പൂർണ നടത്തിപ്പു ചുമതലയും കുടുംബശ്രീ വനിതകൾക്ക് ലഭിച്ചിരുന്നു. വാട്ടർ മെട്രോയിലെത്തുന്ന യാത്രക്കാർക്ക് വിവിധ സേവനങ്ങൾ നൽകുന്നതിനായി തിരഞ്ഞെടുത്ത കുടുംബശ്രീ വനിതകളിൽ 18 പേർ ടിക്കറ്റിങ്ങ് വിഭാഗത്തിലും 12 പേർ ഹൗസ് കീപ്പിങ്ങിലുമാണ്. ഇന്നു മുതൽ ഹൈക്കോർട്ട് ടെർമിനലിൽ നിന്ന് വൈപ്പിനിലേക്കും തിരിച്ചുമാണ് ആദ്യ സർവീസ്. വൈറ്റില-കാക്കനാട് റൂട്ടിലുള്ള സർവീസ് ഏപ്രിൽ 27നും ആരംഭിക്കും. തിരക്കനുസരിച്ച് സർവീസുകൾ വിപുലീകരിക്കുന്ന മുറയ്ക്ക് കൂടുതൽ വനിതകൾക്ക് വാട്ടർ മെട്രോയിൽ അവസരം ലഭിച്ചേക്കും. കൊച്ചി ഈസ്റ്റ്, സൗത്ത്, മുളവുകാട്, എളംകുന്നപ്പുഴ എന്നീ സിഡി.എസുകളിലെ വിവിധ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കാണ് വാട്ടർമെട്രോയിൽ വിവിധ സേവനങ്ങൾ നൽകാനുള്ള ചുമതല. കുടുംബശ്രീ ഇനിഷ്യേറ്റീവ് ഫോർ ബിസിനസ് സൊല്യൂഷൻസ് (കിബ്സ്) സൊസൈറ്റി മുഖേനയാണ് ഇവർക്ക് അവസരമൊരുങ്ങിയത്. കുടുംബശ്രീ അംഗങ്ങൾക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയനുസരിച്ച് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർധിപ്പിക്കുന്നതും ലക്ഷ്യമിട്ടു കൊണ്ട് രൂപീകരിച്ച സംവിധാനമാണിത്. നിലവിൽ കിബ്സ് വഴി വൈറ്റില മൊബിലിറ്റി ഹബ്, വ്യവസായ വകുപ്പ്, കില എന്നിവിടങ്ങളിൽ 262 വനിതകൾക്ക് ജോലി ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്ത് പൊതുഗതാഗത രംഗത്ത് വിപ്ളവാത്മകമായ മാറ്റം സൃഷ്ടിച്ച കൊച്ചി റെയിൽ മെട്രോയുടെ 24 സ്റ്റേഷനുകളിലും ജോലി ചെയ്യുന്നത് കുടുംബശ്രീ വനിതകളാണ്. നിലവിൽ 555 പേർ ഇവിടെയുണ്ട്. ഹൗസ് കീപ്പിങ്ങ്, ടിക്കറ്റിംഗ്, കസ്റ്റമർ കെയർ സർവീസ്, ഹെൽപ് ഡെസ്ക്, കസ്റ്റമർ ഫെസിലിറ്റേഷൻ സർവീസ്, പൂന്തോട്ടംപച്ചക്കറി തോട്ട നിർമാണം, കിച്ചൺ, കാൻറീൻ, പാർക്കിങ്ങ് എന്നീ വിഭാഗങ്ങളിലാണ് ഇവരുടെ സേവനം. കുടുംബശ്രീയുടെ കീഴിലുള്ള ഫെസിലിറ്റി മാനേജ്മെൻറ് സെൻറർ മുഖേനയാണ് ഇവരുടെ നിയമനവും മേൽനോട്ടവും.

# നൂതന ഭാഗിക മുട്ട് മാറ്റി വയ്ക്കൽ ശസ്ത്രക്രിയ നടത്തി എറണാകുളം ജനറൽ ആശുപത്രി



കൊച്ചി: എറണാകുളം ജനറൽ ആശുപത്രിയിൽ നൂതന ഭാഗിക മുട്ട് മാറ്റി വയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി. തേയ്മാനം വന്ന ഭാഗം മാത്രം മാറ്റി വയ്ക്കുന്ന ജർമൻ സംവിധാനമായ ലിങ്ക് സ്ലെഡ് ഉപയോഗിച്ചാണ് ശസ്ത്രക്രിയ നടത്തിയത്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ സൂപ്പർ സ്പെഷ്യലിറ്റി ബ്ലോക്ക് ഓപ്പറേഷൻ തീയേറ്ററിൽ എല്ലുരോഗ വിഭാഗം മേധാവി ഡോ. തോമസ് മാമന്റെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടത്തിയതെന്ന് ആശുപത്രി സൂപ്രണ്ട് ഡോ. ആർ. ഷാഹിർഷാ അറിയിച്ചു.സാധാരണയായി മദ്ധ്യവയസ്കരിൽ മുട്ടിന്റെ പകുതി ഭാഗത്തു മാത്രമാണ് തേയ്മാനം വരാറുള്ളത്. അവരിൽ സമ്പൂർണ്ണ മുട്ടുമാറ്റിവക്കൽ ശസ്ത്രക്രിയ നടത്തുമ്പോൾ തേയ്മാനമില്ലാത്ത ഭാഗം കൂടി മാറ്റി വയ്ക്കേണ്ടി വരും. എന്നാൽ ലിഗമെന്റുകൾ



എല്ലാം നിലനിർത്തിക്കൊണ്ടു തേയ്മാനം വന്ന ഭാഗം മാത്രമേ ലിങ്ക് സ്ലെഡ് ശസ്ത്രക്രിയയിൽ മാറ്റി വയ്ക്കുന്നുള്ളു. അതിനാൽ ശസ്ത്രക്രിയയ്ക്ക് വിധേയനാകുന്ന രോഗിക്ക് രണ്ടുമൂന്നു ദിവസത്തിനകം പരസഹായം ഇല്ലാതെ നടക്കുന്നതിനും ഒരാഴ്ചക്കകം പടികൾ കയറുന്നതിനു സാധിക്കുമെന്ന് എല്ലു രോഗ വിഭാഗം മേധാവി ഡോ. തോമസ് മാമ്മൻ പറഞ്ഞു. മൂന്നു വർഷമായി കടുത്ത മുട്ടുവേദനയുമായി കഴിഞ്ഞിരുന്ന നാൽപത്തിയഞ്ചുകാരനിലാണ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.ഡോ.തോമസ് മാമന്റെ നേതൃത്വത്തിൽ ടീം അംഗങ്ങളായ അനസ്തേഷ്യ വിഭാഗം ഡോ. അഞ്ചു രാജ്, ഡോ. മെർലിൻ, നേഴ്സിങ് സ്റ്റാഫ് ആയ ഹരിമതി ശ്യാമള, ചിന്നു, ആശ, പ്രീൺ, ടെക്നീഷ്യന്മാരായ അശ്വതി, ബാബു ജോസഫ് എന്നിവർ ശസ്ത്രക്രിയയിൽ പങ്കെടുത്തു.

# സഹകരണ മേഖലയെ വളർത്തിയത് സർക്കാരിന്റെ ഇടപെടലുകൾ: വനിതാ കമ്മീഷൻ അധ്യക്ഷ



**കൊച്ചി:** സഹകരണ മേഖലയെ വളർത്താൻ സഹായിച്ചത് കേരളത്തിലെ സർക്കാരുകളുടെ മാതൃകാപരമായ ഇടപെടലുകളാണെന്ന് വനിതാ കമ്മീഷൻ ചെയർപേഴ്സൺ പി.സതിദേവി പറഞ്ഞു. 'സഹകരണ പ്രസ്ഥാനത്തിലെ സ്ത്രീ ശാക്തീകരണം കാഴ്ചപ്പാടും പ്രയോഗികതയും' എന്ന വിഷയത്തിൽ മറൈൻഡ്രൈവിലെ സഹകരണ എക്സ്പോ വേദിയിൽ സംഘടിപ്പിച്ച ചർച്ചയിൽ സംസാരിക്കുകയായിരുന്നു വനിതാ കമ്മീഷൻ അധ്യക്ഷ. സ്ത്രീകളെ മാറ്റിനിർത്തി ഒരു സംവിധാനത്തിനും മുന്നോട്ട് പോകാൻ കഴിയില്ലെന്നും ലോകത്തിൽ സ്ത്രീ ശാക്തീകരണത്തിന്റെ ഏറ്റവും മികവാർന്ന മാതൃകയാണ് കുടുംബശ്രീയെന്നും അധ്യക്ഷ പറഞ്ഞു.സ്ത്രീ ശാക്തീകരണത്തിന്റെ മികവാർന്ന തലത്തിലേക്ക് സഹകരണ മേഖലയെ ഉയർത്തണം. വനിതാ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. എല്ലായിടത്തും നിറസാന്നിധ്യമായി സ്ത്രീകൾ കടന്നുവരുന്നുണ്ടെന്നും കേരളത്തിലെ സഹകരണ മേഖലയിൽ ചെറുകിട സംരംഭങ്ങളുടെ വിതരണവും മാർക്കറ്റിങ്ങും എങ്ങനെ സാധ്യമാക്കണമെന്ന വ്യക്തമായ ധാരണ സർക്കാരിനും സഹകരണ വകുപ്പിനും ഉണ്ടെന്നും വനിതാ കമ്മീഷൻ അധ്യക്ഷ പറഞ്ഞു.സഹകരണ പ്രസ്ഥാനം വളർച്ചയുടെ പാതയിലാണ്. കേരളത്തിൽ പടർന്നു കിടക്കുന്ന സഹകരണ പ്രസ്ഥാനങ്ങളിൽ വനിതാ സഹകരണ പ്രസ്ഥാനങ്ങളുടെ ഉണർവ് പ്രശംസനീയമാണെന്നും സ്ത്രീ ശാക്തീകരണം അനന്യമായ മാതൃക സൃഷ്ടിച്ച് കേരളത്തിൽ മുന്നോട്ട് പോകുകയാണെന്നും സെമിനാറിൽ അധ്യക്ഷത വഹിച്ച വനിതാ ഫെഡ് ചെയർപേഴ്സൺ കെ.ആർ വിജയ പറഞ്ഞു.സർക്കിൾ സഹകരണ യൂണിയൻ ചെയർമാൻ കെ.എം. ചാക്കോച്ചൻ, മുൻ എം.എൽ.എ കെ.കെ. ലതിക, സാഫ് മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ സത്യവതി, സേവ പ്രസിഡന്റ് സോണിയ ജോർജ്, ഉദുമ വനിതാ സഹകരണ സംഘം സെക്രട്ടറി കൈരളി, കേരള ബാങ്ക് ഡയറക്ടർ അഡ്വ. പുഷ്പ ദാസ്, വനിതാഫെഡ് എം.ഡി. കെ.എൽ പാർവതി നായർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

# ക്വട്ടേഷൻ ക്ഷണിച്ചു

കൊച്ചി: ജില്ലയിൽ രജിസ്ട്രേഷൻ വകുപ്പിന്റെ 25 സബ് രജിസ്ട്രാർ ഓഫീസുകൾ, ജില്ലാ രജിസ്ട്രാർ ( ജനറൽ) ഓഫീസ്,ജില്ലാ രജിസ്ട്രാർ ( ഓഡിറ്റ്,) ഓഫീസ്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫീസ് ( ദക്ഷിണ മദ്ധ്യ മേഖല ) തുടങ്ങിയ 28 ഓഫീസുകളിലെ പ്രിന്റർ കാട്രിഡ്ജുകളിലെ മഷി തീരുന്ന മുറയ്ക്ക് അതാത് ഓഫീസുകളിൽ നേരിട്ട് എത്തി റീഫിൽ ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു.ക്വട്ടേഷനുകൾ ജില്ലാ രജിസ്ട്രാർ ( ജനറൽ) എറണാകുളം, ഹെഡ് പോസ്റ്റ് ഓഫീസ് പി. ഒ പിൻ 682011 എന്ന മേൽവിലാസത്തിൽ മെയ് 10ന് വൈകീട്ട് മൂന്നിന് മുൻപായി മുദ്ര വെച്ച കവറിൽ ലഭ്യമാക്കേണ്ടതാണ്. കവറിനു മുകളിൽ പ്രിന്റർ കാട്രിഡ്ജുകൾ റീഫിൽ ചെയ്യുന്നതിനുള്ള ക്വട്ടേഷനെന്ന് പ്രത്യേകം രേഖപ്പെടുത്തണം. ക്വട്ടേഷനുകൾ അന്നേദിവസം വൈകിട്ട് നാലിന് തുറക്കുന്നതാണ്. ഫോൺ :04842375128

# സിവിൽ എക്സൈസ് ഓഫീസർ കായിക ക്ഷമത പരീക്ഷ 27, 28 തിയതികളിൽ

**കൊച്ചി:** എക്സൈസ് വകുപ്പിൽ സിവിൽ എക്സൈസ് ഓഫീസർ (Cat. No. 538/2019,121/2019) തസ്തികയിൽ 22/03/2023 ന് പ്രസിദ്ധപ്പെടുത്തിയ ചുരുക്കപ്പട്ടികയിൽ യോഗ്യരായ ഉദ്യോഗാർത്ഥികൾക്കായുള്ള അളവെടുപ്പും കായിക ക്ഷമത പരീക്ഷയും വൺ ടൈം വെരിഫിക്കേഷനും ഏപ്രിൽ 27, 28 തിയതികളിൽ രാവിലെ 5 മുതൽ ജി. വി. എച്ച്. എസ്. എസ് ചോറ്റാനിക്കര സ്കൂൾ ഗ്രൗണ്ടിൽ നടക്കും. അർഹരായ ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ www.keralapsc.gov.in എന്ന വെബ്സൈറ്റിൽ കായിക ക്ഷമത പരീക്ഷയ്ക്ക് ഹാജരാകേ അഡ്മിഷൻ ടിക്കറ്റ് മറ്റ് നിർദ്ദേശങ്ങൾ എന്നിവ ഡൗൺലോഡ് ചെയ്തെടുത്ത് കൃത്യസമയത്ത് എത്തിച്ചേരണം

# മിഹോസ്, ജോയ് ഇറിക്ക് വിതരണം ആരംഭിച്ച് വാർഡ്‌വിസാർഡ്



**കൊച്ചി:** ജോയ് ഇബൈക്ക് എന്ന ബ്രാൻഡിൽ ഇലക്ട്രിക് ഇരുചക്രവാഹനങ്ങളുടെ ഇന്ത്യയിലെ മുൻനിര നിർമ്മാതാക്കളായ വാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡ് അവരുടെ പുതിയ ഇലക്ട്രിക് ഇരുചക്രവാഹനമായ മിഹോസ് ഇലക്ട്രിക് ത്രീ വീലർ ജോയ് ഇറിക്ക് എന്നിവയുടെ വിതരണം ആരംഭിച്ചു. ഏപ്രിൽ 19 മുതൽ ഗുജറാത്തിലും മഹാരാഷ്ട്രയിലുമായി ഘട്ടം ഘട്ടമായാണ് വിതരണം ആരംഭിച്ചിരിക്കുന്നത്.2023 ഓട്ടോ എക്സ്പോയിൽ 1,35,000 (ആദ്യത്തെ 5000 ഉപഭോക്താക്കൾക്ക്) രൂപ വിലയിലാണ് മിഹോസ് പുറത്തിറക്കിയത്. പുതിയ സ്കൂട്ടർ രൂപകൽപ്പന ചെയ്ത് വികസിപ്പിച്ചിരിക്കുന്നത് പോളി ഡിസൈക്ലോപെന്റഡീൻ (പിഡിസിപിഡി) ഉപയോഗിച്ചാണ്. വാർഡ്‌വിസാർഡിന്റെ ആദ്യ ഇലക്ട്രിക് ത്രീ വീലർ ജോയ് ഇറിക്ക് 3,40,000 (എക്സ്ഷോറൂം) രൂപ വിലയിലാണ് പുറത്തിറക്കിയിരിക്കുന്നത്. ഏറ്റവും പുതിയ ഡിസൈനും ഉപഭോക്തൃസൗഹൃദ ഐഒടിയും കൊണ്ട് സജ്ജീകരിച്ചിരിക്കുന്ന വിപണിയിലെ വ്യത്യസ്ത മോഡലുകളിലൊന്നാണിത്.തങ്ങളുടെ സ്കൂട്ടർ മിഹോസിന്റെയും ആദ്യത്തെ ഇലക്ട്രിക് ത്രീവീലറിന്റെയും ഡെലിവറി ആരംഭിച്ചത് ഒരു സുപ്രധാന നാഴികക്കല്ലാണെന്ന് ാർഡ്‌വിസാർഡ് ഇന്നൊവേഷൻസ് ആൻഡ് മൊബിലിറ്റി ലിമിറ്റഡിന്റെ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ യതിൻ ഗുപ്തെ പറഞ്ഞു.ഉപഭോക്താക്കളുടെ വികസിച്ചുകൊണ്ടിരിക്കുന്ന ആവശ്യങ്ങൾ നിറവേറ്റുന്ന ഉയർന്ന നിലവാരമുള്ളതും വിശ്വസനീയവും സുസ്ഥിരവുമായ വാഹനങ്ങൾ എത്തിക്കുന്നതിനുള്ള പ്രതിജ്ഞാബദ്ധത തങ്ങളുടെ സാങ്കേതികവിദ്യയും ശൈലിയും ഉപയോഗിച്ച് ഉപഭോക്തൃ അഭിലാഷങ്ങൾ നിറവേറ്റാനും ഇവി മേഖലയിൽ തങ്ങളുടെ വിപണി വിഹിതം വർദ്ധിപ്പിക്കാനും കഴിയുമെന്ന് ഉറപ്പുണ്ട്. വിപണി കുതിച്ചുയരുന്നതിനാൽ ഇലക്ട്രിക് വാഹനങ്ങൾക്ക് വരും മാസങ്ങളിൽ ശക്തമായ വിൽപ്പന തിരിച്ചുവരുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും യതിൻ ഗുപ്തെ പറഞ്ഞു.ജോയ് ഇറിക്ക് ത്രീ വീലറുകളുടെ എൽ 5 ക്ലാസിന് കീഴിലാണ് വരുന്നത്. നീല, വെള്ള, ഗോൾഡൻ യെല്ലോ എന്നീ മൂന്ന് നിറങ്ങളിൽ ജോയ് ഇറിക്ക് ലഭ്യമാണ്.ഗുജറാത്തിലും മഹാരാഷ്ട്രയിലുമായി 150ലധികം മിഹോസും 50ലധികം ജോയ് ഇറിക്കും വിതരണം ചെയ്തു. വിവിധ സംസ്ഥാനങ്ങളിലെ അധിക നഗരങ്ങൾ ഘട്ടം ഘട്ടമായി കൂട്ടിച്ചേർക്കുകയും രാജ്യത്തുടനീളമുള്ള 600ലധികം അംഗീകൃത ഷോറൂമുകളിലൂടെ ഡെലിവറി നടത്തുകയും ചെയ്യും.

# ലുലു ഫാഷൻ വീക്ക് : തുടക്കം കുറിച്ച് കൊച്ചിയിൽ ബൈക്ക് റാലി



**കൊച്ചി :** ഈ വർഷത്തെ ഏറ്റവും വലിയ ഫാഷൻ ഇവൻറായ ലുലു ഫാഷൻ വീക്ക് 2023ന് ആവേശത്തുടക്കം കുറിച്ച് കൊച്ചി നഗരത്തിൽ ബൈക്ക് റാലി സംഘടിപ്പിച്ചു. ലുലു ഗ്രൂപ്പ് ഇന്ത്യ സിഒഒ രജിത് രാധാകൃഷ്ണൻ, ലുലു കൊമേഴ്സ്യൽ മാനേജർ സാദിഖ് കാസിം എന്നിവർ ചേർന്ന് റാലി ഫ്ലാഗ് ഓഫ് ചെയ്തു. ലുലു മാളിന് മുന്നിൽ നിന്നാരംഭിച്ച ബൈക്ക് റാലി നഗരത്തിൻറെ പ്രധാന കേന്ദ്രങ്ങളിലൂടെയടക്കം കടന്നുപോയി. ഫാഷൻ വീക്കിന്റെ പ്രചരണാർത്ഥം നടന്ന റാലിയിൽ നിരവധി പേർ പങ്കെടുത്തു.ഇന്നു മുതൽ 30 വരെ ലുലു മാളിൽ അഞ്ച് ദിവസങ്ങളിലായാണ് ലുലു ഫാഷൻ വീക്കിൻറെ ആറാം പതിപ്പ് നടക്കുന്നത്. ഫാഷൻ ലോകത്തെ പുത്തൻ ട്രെൻഡുകൾ അണിനിരത്തുന്ന ഫാഷൻ ഷോകളും, ഫാഷൻ ഫോറങ്ങളും, കലാസാംസ്കാരിക പരിപാടികളുമായി ഫാഷൻ വീക്ക് കൊച്ചിയെ ആഘോഷലഹരിയിലാഴ്ത്തും.

# ഫെഡറൽ ഇന്റഗ്രേറ്റഡ് പ്രോഗ്രാം അപേക്ഷ 27 വരെ

**കൊച്ചി:** ഫെഡറൽ ബാങ്ക് മണിപ്പാൽ ഗ്ലോബൽ എജുക്കേഷൻ സർവീസസുമായി ചേർന്ന് നടത്തുന്ന ശമ്പളത്തോടെയുള്ള പഠന, പരിശീലന പദ്ധതിയായ ഫെഡറൽ ഇന്റഗ്രേറ്റഡ് പ്രോഗ്രാമിന് ഏപ്രിൽ 27 വരെ അപേക്ഷിക്കാം. രണ്ടു വർഷമാണ് പ്രോഗ്രാം കാലാവധി. പഠനത്തോടൊപ്പം ഫിനാൻഷ്യൽ ക്രൈം കംപ്ലയൻസ് സ്പെഷ്യലിസ്റ്റ് ആയി ജോലി ചെയ്യാം. ആദ്യ വർഷം 4.5 ലക്ഷം രൂപയും രണ്ടാം വർഷം 5.7 ലക്ഷം രൂപ വരെയും വേതനമായും മറ്റു ആനുകൂല്യങ്ങളും ഇൻഷുറൻസ് പരിരക്ഷയും ലഭിക്കും. രണ്ടു വർഷത്തിനിടെ മികച്ച പ്രകടനം കാഴ്ചവെക്കുന്നവരെ ഫെഡറൽ ബാങ്കിൽ ഓഫീസർ പദവിയിൽ ജോലിക്ക് പരിഗണിക്കും.

FEDERAL BANK
YOUR PERFECT BANKING PARTNER

വിശദവിവരങ്ങൾക്ക്
https://www.federalbank.co.in/career
സന്ദർശിക്കുക

# ആഢംബര യാത്ര: 'പ്രീമിയം ഗെറ്റവേകൾ' പുറത്തിറക്കി ക്ലിയർട്രിപ്പ്

cleartrip

**കൊച്ചി:** ആഢംബര യാത്രാ അനുഭവങ്ങൾക്കായി 'പ്രീമിയം ഗെറ്റവേകൾ' പുറത്തിറക്കി ഫ് ളിപ്പ്കാർട്ട് കമ്പനിയായ ക്ലിയർട്രിപ്പ്. നിലവിൽ നാൽപ്പതിലധികം ഹോട്ടലുകളുമായി കൈകോർത്തു കൊണ്ട് 25 സ്ഥലങ്ങളിൽ ഈ സേവനം പ്രാബല്യത്തിലുണ്ട്. അടുത്ത 6 മാസത്തിനുള്ളിൽ ഇന്ത്യയിലുടെ നീളം അഞ്ഞൂറിലധികം ഹോട്ടലുകളായി ചേർന്ന് പ്രമുഖ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെല്ലാം ഈ സേവനം ലഭ്യമാക്കും. താരതമ്യേന മിതമായ നിരക്കുകളിലായിരിക്കും ഈ ആഢംബര ഹോളിഡേ പാക്കേജുകൾ ലഭ്യമാകുക. യാത്ര ബുക്ക് ചെയ്യുന്നത് മുതലുള്ള ഓരോ ഘട്ടങ്ങളിലും യാത്രക്കാർക്ക് ഏറ്റവും അനുയോജ്യമായ വിവരങ്ങൾ നൽകുന്ന രീതിയിലാണ് ഓരോ സവിശേഷതകളും രൂപകൽപ്പന ചെയ്തിരിക്കുന്നത്. സുതാര്യമായ നിരക്കുകൾ, ലഭ്യമായതും അല്ലാത്തതുമായ സൗകര്യങ്ങളുടെ കൃത്യമായ വിവരണം, പ്രോപ്പർട്ടികളുടെ യഥാർത്ഥ ചിത്രങ്ങൾ, ഉപഭോക്താക്കളുടെ അഭിപ്രായങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

# ഫെഡറൽ ബാങ്ക് കൊച്ചി മാരത്തൺ: രജിസ്ട്രേഷൻ ഇന്നു കൂടി

FEDERAL BANK
YOUR PERFECT BANKING PARTNER
KOCHI MARATHON'23
MAY 01, 2023

**കൊച്ചി:** ടൂറിസം വകുപ്പിന്റെ പിന്തുണയോടെ മേയ് ഒന്നിന് കൊച്ചിയിൽ നടക്കുന്ന പ്രഥമ ഫെഡറൽ ബാങ്ക് കൊച്ചി മാരത്തണിൽ പങ്കെടുക്കാൻ ഇന്നു കൂടി രജിസ്റ്റർ ചെയ്യാം. ०००.സീരവശാമൃമവേീ.ശി എന്ന സൈറ്റിൽ ഓൺലൈനായാണ് രജിസ്റ്റർ ചെയ്യേണ്ടത്. മാരത്തൺ (42 കി.മീ), ഹാഫ് മാരത്തൺ (21 കി.മി), 10 കി.മി, മൂന്ന് കി.മീ (ഗ്രീൻ റൺ) എന്നീ നാലു വിഭാഗങ്ങളിലായാണ് പങ്കെടുക്കാൻ അവസരമുള്ളത്. 10 ലക്ഷം രൂപയുടെ സമ്മാനങ്ങളാണ് വിജയികളെ കാത്തിരിക്കുന്നത്. ക്ലിയോനെറ്റ്, സ്പോർട്സ്പ്രോ എന്നിവരാണ് മുഖ്യ സംഘാടകർ.ഇന്ത്യയിലെ ഏറ്റവും വലിയ ഓട്ടമത്സരങ്ങളിലൊന്നായി മാറാനിരിക്കുന്ന കൊച്ചി മാരത്തൺ എല്ലാ വർഷവും സംഘടിപ്പിക്കുന്നതിലൂടെ കൊച്ചിയെ മികച്ചൊരു കായിക വിനോദ കേന്ദ്രമാക്കി മാറ്റുകയാണ് ലക്ഷ്യം. ഇത് കേരളത്തിന്റെ പൊതുഖജനാവിനും നേട്ടമാകും. ശാരീരിക ആരോഗ്യത്തോടൊപ്പം സാമ്പത്തിക ആരോഗ്യവും നല്ലരീതിയിൽ പരിപാലിക്കുന്ന ശീലം വളർത്തിയെടുക്കാൻ തലമുറകളെ പ്രചോദിപ്പിക്കുകയാണ് ഈ പങ്കാളിത്തത്തിലൂടെ ഫെഡറൽ ബാങ്ക് ലക്ഷ്യമിടുന്നതെന്ന് ചീഫ് മാർക്കറ്റിങ് ഓഫീസർ എം വി എസ് മൂർത്തി പറഞ്ഞു.

# ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷൂറൻസ്:27.65 ബില്യൺ രൂപയുടെ പുതിയ ബിസിനസ് മൂല്യം

**കൊച്ചി:** ഐസിഐസിഐ പ്രൂഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പുതിയ ബിസിനസ് മൂല്യത്തിൽ 27.8 ശതമാനം വർധനവ് കൈവരിച്ചതായി കമ്പനി അധികൃതർ അറിയിച്ചു.2023 സാമ്പത്തിക വർഷം 2765 കോടി രൂപയുടെ പുതിയ ബിസിനസ് മൂല്യമാണ് കൈവരിച്ചത്. 2019 സാമ്പത്തിക വർഷത്തെ പുതിയ ബിസിനസ് മൂല്യം 2023 സാമ്പത്തിക വർഷത്തോടെ ഇരട്ടിയാക്കി എന്ന നേട്ടവും കമ്പനി കൈവരിച്ചിട്ടുണ്ട്. പ്രീമിയം വളർച്ച, പരിരക്ഷാ ബിസിനസിലെ വളർച്ച, സുസ്ഥിരതയുടെ കാര്യത്തിലെ മെച്ചപ്പെടൽ, ഉൽപാദനക്ഷമതാ മുന്നേറ്റം തുടങ്ങിയവയാണ് ഈ മികച്ച വളർച്ചയ്ക്ക് വഴി തുറന്നത്. 2023 സാമ്പത്തിക വർഷത്തിൽ പുതിയ ബിസിനസിനുള്ള വാർഷികാടിസ്ഥാനത്തിലെ പ്രീമിയം 17 ശതമാനം വർധിച്ച് 8640 കോടിയിലെത്തിയിട്ടുണ്ട്. പരിരക്ഷാ വിഭാഗത്തിലെ വാർഷിക പ്രീമിയം 14.5 ശതമാനം വർധിച്ച് 1504 കോടി രൂപയിലും എത്തി. 2023 സാമ്പത്തിക വർഷത്തേക്ക് ഓഹരി ഒന്നിന് 0.60 രൂപ വീതം അന്തിമ ഡിവിഡൻറ് നൽകാനും കമ്പനി ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

# കൊച്ചി വാട്ടർ മെട്രോ യാത്ര തുടങ്ങി

- പ്രധാനമന്ത്രി നരേന്ദ്ര മോദി ഫ് ളാഗ് ഓഫ് ചെയ്തു
- ഇന്നു മുതൽ പൊതുജനങ്ങൾക്ക്  ജലമെട്രോയിൽ സഞ്ചരിക്കാനാകും

**കൊച്ചി:** രാജ്യത്തെ ആദ്യ ജലമെട്രോ യാത്രയ്ക്ക് കൊച്ചിയിൽ തുടക്കമായി. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ ജലമെട്രോ യാത്ര തിരുവനന്തപുരത്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തതിനു പിന്നാലെ ഹൈക്കോർട്ട് ടെർമിനലിൽ മുഖ്യാതിഥിയായി പങ്കെടുത്ത വ്യവസായ വകുപ്പ് മന്ത്രി പി.രാജീവ് വാട്ടർ മെട്രോ ഫ് ളാഗ് ഓഫ് ചെയ്തതോടെ മൂന്ന് ബോട്ടുകളാണ് കൊച്ചിക്കായലിൽ യാത്രക്കാരുമായി സഞ്ചരിച്ചത്.  ഇതോടെ മെട്രോ റെയിലിനൊപ്പം ജല മെട്രോ സർവീസുമുള്ള രാജ്യത്തെ ഏക നഗരമായി കൊച്ചി മാറി. കൊല്ലം, നീലേശ്വരം, അഴീക്കൽ എന്നീ പേരുകളിലുള്ള മൂന്നു ബോട്ടുകളാണ് ഉദ്ഘാടനത്തോടനുബന്ധിച്ച് കൊച്ചീക്കാർക്ക് പുത്തൻ യാത്രനുഭവം നൽകിയത്.  ആദ്യ യാത്രയിൽ ഒരു ബോട്ടിൽ യാത്ര ചെയ്തത് 10 ഭിന്നശേഷിക്കാരായ കുട്ടികളും അവരുടെ രക്ഷിതാക്കളുമാണ്. എറണാകുളത്തെ സെന്റർ ഫോർ എംപവർമെന്റ് ആന്റ് എൻറിച്ച്മെന്റിലെ കുട്ടികളായിരുന്നു ഇവർ.എറണാകുളം ഹൈക്കോർട്ടിൽ നടന്ന ഫ് ളാഗ് ഓഫ് ചടങ്ങുകൾക്ക് ശേഷം മുഖ്യാതിഥിയായി പങ്കെടുത്ത മന്ത്രി പി.രാജീവും മേയർ എം. അനിൽകുമാർ, ഹൈബി ഈഡൻ എം.പി, എം എൽ എ മാരായ ടി.ജെ വിനോദ്, കെ.എൻ ഉണ്ണിക്കൃഷ്ണൻ, കെ.ജെ മാക്സി, കെ.ബാബു, ആന്റണി ജോൺ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഉല്ലാസ് തോമസ്, ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ തുടങ്ങിയവർ ഒരു ബോട്ടിലും യാത്ര ചെയ്തു. കൊച്ചി മെട്രോ കോച്ചുകൾക്ക് സമാനമായ രീതിയിലാണ് വാട്ടർ മെട്രോ ബോട്ടുകളും നിർമ്മിച്ചിരിക്കുന്നത്. പൂർണമായും ശീതികരിച്ച ബോട്ടിലിരുന്ന് കുറഞ്ഞ ചെലവിൽ കായൽക്കാഴ്ച്ചകൾ കണ്ടുള്ള യാത്ര ആരെയും മോഹിപ്പിക്കുന്നതാണ്. ഗതാഗതക്കുരുക്കിന്റെ ബുദ്ധിമുട്ടുകളില്ലാതെ  വെയിലും മഴയും പൊടിയുമേൽക്കാതെ, കാതടിപ്പിക്കുന്ന ഹോൺ ശബ്ദം ഇല്ലാതെ, ശാന്തമായി യാത്ര ചെയ്യാം. ഇന്നു മുതൽ പൊതുജനങ്ങൾക്ക്  ജലമെട്രോയിൽ സഞ്ചരിക്കാനാകും. ഹൈക്കോർട്ട് ടെർമിനലിൽനിന്ന് വൈപ്പിനിലേക്കും തിരിച്ചുമാണ് ആദ്യ സർവീസ്. വൈറ്റില-കാക്കനാട് റൂട്ടിലുള്ള സർവീസ് ഏപ്രിൽ 27 മുതൽ ആരംഭിക്കും. ആദ്യഘട്ടത്തിൽ രാവിലെ ഏഴുമുതൽ രാത്രി എട്ടുവരെയാണ് സർവീസ്. തിരക്കുള്ള സമയങ്ങളിൽ 15 മിനിറ്റ് ഇടവേളയിൽ ഹൈക്കോർട്ട്-വൈപ്പിൻ റൂട്ടിൽ സർവീസുണ്ടാകും. യാത്രക്കാരുടെ എണ്ണം പരിശോധിച്ച് സമയം നിജപ്പെടുത്തും.ജലമെട്രോയുടെ നിരക്കുകളും ആകർഷകമാണ്. മിനിമം ടിക്കറ്റ് നിരക്ക് 20 രൂപയും പരമാവധി 40 രൂപയുമാണ്. ഹൈക്കോർട്ട് വൈപ്പിൻ റൂട്ടിൽ 20 രൂപയും വൈറ്റില കാക്കനാട് റൂട്ടിൽ 30 രൂപയുമാണ് നിരക്ക്. ആഴ്ചതോറുമുള്ള പാസിന് 180 രൂപയും മാസംതോറുമുള്ള പാസിന് 600 രൂപയും ത്രൈമാസ പാസിന് 1500 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്.10 ദ്വീപുകളെ ബന്ധിപ്പിച്ച് 38 ടെർമിനലുകളിലായി 76 കിലോമീറ്റർ ദൈർഘ്യത്തിലാണ് കൊച്ചി ജലമെട്രോ  യഥാർഥ്യമാകുന്നത്.  1136.83 കോടി രൂപ ചെലവിലാണ് പദ്ധതി ഒരുങ്ങുന്നത്. പരിസ്ഥിതി സൗഹൃദമാണ് ജലമെട്രോ. ബാറ്ററിയിലും ഹൈബ്രിഡ് രീതിയിലും പ്രവർത്തിപ്പിക്കാൻ കഴിയുന്ന ബോട്ടാണിത്. ലോകത്തിൽ തന്നെ ആദ്യമായാണ് ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഇത്രയും വിപുലമായ ബോട്ട് ശൃംഖല. ബാറ്ററി മോഡിൽ 8 നോട്ടും ഹൈബ്രിഡ് മോഡിൽ 10 നോട്ടും ആണ് ബോട്ടിന്റെ വേഗത. പരമ്പരാഗത ബോട്ടിനേക്കാൾ വേഗത്തിൽ സഞ്ചരിക്കാൻ കഴിയും. പാസഞ്ചർ കൗണ്ടിങ് സിസ്റ്റം ഉപയോഗിച്ചാണ് ബോട്ടുകളിൽ പ്രവേശനം. പരിധിയിൽ കൂടുതൽ യാത്രക്കാർക്ക് കയറാൻ കഴിയില്ലെന്ന് സാരം.  ഇത്തരത്തിൽ  അപകടങ്ങൾ തടയാൻ വിപുലമായ സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. 100 പേർക്ക് യാത്ര ചെയ്യാവുന്ന 9 ബോട്ടുകളാണ് കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിച്ചു നൽകിയിരിക്കുന്നത്. അൻപത് പേർക്ക് കയറാവുന്ന ബോട്ടുകളും ഉണ്ടാകും. അമ്മമാർക്കായുള്ള ഫീഡർ റൂമുകളുൾപ്പെടെ സൗകര്യവും ബോട്ടുകളിലുണ്ട്. ഭിന്നശേഷി സൗഹൃദ ഫ്ളോട്ടിംഗ് ജെട്ടികളായതിനാൽ വേലിയേറ്റവേലിയിറക്കം ബാധിക്കില്ല.



# എക്കലും/ ചെളിയും ലേലം ചെയ്യുന്നു

**കൊച്ചി:** ജില്ലയിൽ ഓപ്പറേഷൻ വാഹിനി പദ്ധതിയുടെ ഭാഗമായി പുത്തൻവേലിക്കര പഞ്ചായത്തിലെ തുരുത്തിപ്പുറം കായലിൽ നിന്നും, ചേന്ദമംഗലം പഞ്ചായത്തിലെ ഗോതുരുത്ത് ബോട്ട് ജെട്ടിയിൽ നിന്നും സംഭരിച്ചിട്ടുള്ള എക്കലും/ ചെളിയും ലേലം ചെയ്യുന്നു. ഏപ്രിൽ 28ന് രാവിലെ 10.30 ന് പുത്തൻ വേലിക്കര പഞ്ചായത്തിലെ തുരുത്തിപ്പുറം കടവിലും , അതേ ദിവസം ഉച്ചകഴിഞ്ഞ് 2. 30ന് ചേന്ദമംഗലം പഞ്ചായത്തിലെ പള്ളി പരിസരത്തും ലേലം നടക്കുന്നതാണ്.ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ നിരതദ്രവ്യമായി തുരുത്തിപ്പുറം കായലിൽ നിന്ന് ശേഖരിച്ചിരിക്കുന്ന എക്കലിനും/ ചെളിക്കും 5,56,500 രൂപയും ഗോതുരുത്ത് ബോട്ട് ജെട്ടിയിൽ നിന്ന് സംഭരിച്ചിട്ടുള്ള എക്കലിനും/ ചെളിക്കും 2,66,875 രൂപയും എക്സിക്യൂട്ടീവ് എഞ്ചിനീയർ,  ഇറിഗേഷൻ ഡിവിഷൻ എറണാകുളം എന്ന പേരിൽ അടച്ച ട്രഷറി നിക്ഷേപ രസീത് സഹിതം തിരിച്ചറിയൽ രേഖയോടു കൂടി ലേലത്തിന് ഹാജരാകേണ്ടതാണ്.ലേലം ഉറപ്പിച്ച് കിട്ടുന്നവർ മുഴുവൻ തുകയും അടച്ച് ഒരു മാസത്തിനുള്ളിൽ മുഴുവൻ എക്കലും /ചെളിയും നീക്കം ചെയ്യേണ്ടതാണ്. കൂടാതെ ലേലത്തുക ജില്ലാ കലക്ടർ എറണാകുളം എന്ന പേരിൽ 711011400000042 എന്ന ടി. എസ്. ബി അക്കൗണ്ടിലും,  റോയൽറ്റി തുക 08531029901മൈനിംഗ് ആന്റ് ജിയോളജി എന്ന ശീർഷകത്തിൽ , എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇറിഗേഷൻ ഡിവിഷൻ എറണാകുളത്തിന്റെ പേരിൽ ബാങ്ക് ഓഫ് ബറോഡ കാക്കനാട് ശാഖയിലെ 305801000053990 എന്ന് അക്കൗണ്ട് നമ്പറിലും അടച്ച് രസീത് ഹാജരാക്കേണ്ടതാണ്.

# ’എജന്റ്’’ആക്ഷൻ പാക്ക്ഡ് ട്രെയ്‌ലർ റിലീസ് ആയി

**കൊച്ചി:** മമ്മൂട്ടി തെലുങ്കിൽ അഭിനയിക്കുന്ന മാസ്സ് ചിത്രമാണ് ഏജന്റ്. തെലുങ്കിനോടൊപ്പം മലയാളത്തിലും ചിത്രം റിലീസ് ചെയ്യുന്നുണ്ട്. തെലുങ്കു ട്രെയ്‌ലറിൽ മമ്മൂട്ടിയുടെ ഡബ്ബിങ് പൂർത്തിയാകാത്തതിനാൽ അദ്ദേഹത്തിന്റെ ശബ്ദം പൂർണമായി ഉപയോഗിക്കാൻ സാധിച്ചില്ല. ആരാധകർക്ക് ഉൾകൊള്ളാൻ സാധിക്കാതെ വരികയും സോഷ്യൽ മീഡിയയിൽ ഏറെ ചർച്ച ചെയ്യപ്പെടുകയും ചെയ്തിരുന്നു.  അഭ്യൂഹങ്ങൾക്കു വിരാമമിട്ട് മമ്മൂട്ടിയുടെ ശബ്ദത്തിൽ തന്നെ ഏജന്റ് മലയാളം ട്രയ്‌ലർ റിലീസായിരിക്കുകയാണ് ഇപ്പോൾ. തെലുങ്കിലും മമ്മൂട്ടി തന്നെയാണ് ഡബ്ബിങ് പൂർണ്ണമായി ചെയ്യുന്നത്.മമ്മൂട്ടി റോ ചീഫ് കേണൽ മേജർ മഹാദേവനായും അദ്ദേഹത്തിന്റെ ഗ്രൂപ്പിലെ പട്ടാളക്കാരനായി അഖിൽ അക്കിനേനിയുമെത്തുന്ന ചിത്രം പാൻ ഇന്ത്യൻ ചിത്രമായി ബിഗ് ബഡ്ജറ്റിലാണ് പൂർത്തിയായത്. സുരേന്ദർ റെഡ്ഡി രചനയും സംവിധാനവും നിർവ്വഹിക്കുന്ന ഈ ചിത്രത്തിൽ സാക്ഷി വൈദ്യ നായികാ വേഷം ചെയ്തിരിക്കുന്നു.  ചിത്രത്തിലെ 'ദി ഗോഡ്' എന്ന നിർണ്ണായക വേഷത്തിൽ ഡിനോ മോറിയ അഭിനയിക്കുന്നുണ്ട്. അഖിൽ,ആഷിക് എന്നിവർ നേതൃത്വം നൽകുന്ന യൂലിൻ പ്രൊഡക്ഷൻസ് ആണ് ചിത്രം കേരളത്തിൽ വിതരണം ചെയ്യുന്നത്. ഹിപ്പോപ്പ് തമിഴൻ സംഗീത സംവിധാനം നിർവഹിച്ചിരിക്കുന്ന റസൂൽ എല്ലൂരണ് ക്യാമറ. എഡിറ്റർ ദേശീയ അവാർഡ് കരസ്ഥമാക്കിയ നവീൻ നൂലിയാണ്. കലാസംവിധാനം നിർവഹിച്ചിരിക്കുന്നത് അവിനാഷ് കൊല്ലയാണ്. ആക്ഷൻ രംഗങ്ങൾക്ക് ഏറെ പ്രാധാന്യമുള്ള ഈ ചിത്രത്തിന വേണ്ടി വമ്പൻ മേക്കോവറാണ് അഖിൽ അക്കിനേനി നടത്തിയിരിക്കുന്നത്. ഹൈദരാബാദ്, ഡൽഹി, ഹംഗറി എന്നിവിടങ്ങളിലൊക്കെയായി ഷൂട്ട് ചെയ്ത ഈ ചിത്രം എകെ എന്റർടൈൻമെന്റ്സിന്റെയും സുരേന്ദർ 2 സിനിമയുടെയും ബാനറിൽ രാമബ്രഹ്മം സുങ്കരയാണ് നിർമ്മിക്കുന്നത്. പി ആർ ഓ: പ്രതീഷ് ശേഖർ.




